പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006-2008)

## അഞ്ചാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്**

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2007

പന്ത്രണ്ടാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2006–2008)

## അഞ്ചാമത് റിപ്പോർട്ട്

(2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച്

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളുടെ (1998 മുതൽ 2002 വരെയുള്ള) പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

385/2008.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 40 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എൻ. അനിരുദ്ധൻ

<u>അംഗങ്ങൾ</u> :

ശ്രീ. കെ. കെ. ദിവാകരൻ
,, എം. എം. മോനായി
,, സി. പി. മുഹമ്മദ്
,, എം. മുരളി
,, പി. റ്റി. എ. റഹീം
,, വി. ശിവൻകുട്ടി
,, വി. ജെ. തങ്കപ്പൻ
,, തോമസ് ചാഴികാടൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീമതി മറിയാമ്മ വർഗ്ഗീസ്, സ്പെഷ്യൽ സെക്രട്ടറി
ശ്രീമതി പി. ജെ. ഫിലോമിന, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി കെ. എ. അച്ചാമ്മ, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1998 മുതൽ 2002 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2006 നവംബർ മാസം 18-ാം തീയതി ചേർന്ന യോഗത്തിലാണ് സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ആഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായങ്ങൾ നൽകി സഹകരിച്ച ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

എൻ. അനിരുദ്ധൻ,

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
മാർച്ച് 13, 2007.

# റിപ്പോർട്ട്

മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## ആനക്കയം ഗ്രാമ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പണികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് വാങ്ങിയ സാധനങ്ങൾക്കുള്ള അധിക വില സംബന്ധിച്ച്**

കൃത്യമായ പ്ലാനും എസ്റ്റിമേറ്റും ഉണ്ടായിരുന്ന പൊതുമരാമത്ത് പ്രവൃത്തികൾക്ക് പോലും ആവശ്യത്തിലധികമായി സാമഗ്രികൾ വാങ്ങിയതായും അധികമായി വാങ്ങിയ സാമഗ്രികളുടെ വിനിയോഗം രേഖപ്പെടുത്താതിരുന്നതായും ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം സാമഗ്രികൾ വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല. ഇത്തരത്തിൽ കണ്ടുപിടിക്കപ്പെട്ട ക്രമക്കേടിന്റെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

മലപ്പുറം ജില്ലയിലെ ആനക്കയം ഗ്രാമപഞ്ചായത്തിൽ 7-3-1997-നു 26-ാം നമ്പർ വൗച്ചർ പ്രകാരം 70 എം.ക്യു. കരിങ്കല്ല് ഉപാധി രഹിത ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കായി നൽകിയതിന് 27,000 രൂപ വില നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്കിലെടുക്കുകയും പ്രവൃത്തിക്കായി വിട്ടുകൊടുത്തതും 60 എം.ക്യു. കരിങ്കല്ല് മാത്രമായതിനാൽ 10 എം$^3$ കരിങ്കല്ലിന്റെ വിലയായ 3,857 രൂപ അധിക ചെലവാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1998, ഖണ്ഡിക II, III (2)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

1. "കൊടിവളപ്പ്-കുഴിക്കാട്ട് റോഡിന് 27,000 രൂപയും ചെക്ക് പോസ്റ്റ് നെടുവള്ളി റോഡിന് 28,000 രൂപയും ഒരേ ദിവസം പേമെന്റ് നൽകിയപ്പോൾ കണ്ടിജന്റ് ബില്ല് സ്റ്റാമ്പ് പതിച്ച രശീതി എന്നിവ പരസ്പരം മാറി തുന്നിയതാണെന്ന് ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. പി. എ. വേലായുധൻ എന്നിവരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ LFM 17/908 OA dtd. 15-6-2004 (1996-97) പ്രകാരം പുറപ്പെടുവിച്ച ഫർദർ റിമാർക്സ് പ്രകാരം സെക്രട്ടറിയുടെ മറുപടി അംഗീകരിച്ചിട്ടുണ്ട്."

(ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-12-2005 A1/173/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

2. 10 എം$^3$ കരിങ്കല്ലിന്റെ വിലയായ 3,857 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നുള്ള 1998-ലെ ആഡിറ്റ് പരാമർശം ആനക്കയം ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, ഒഴിവാക്കാൻ 6 വർഷം വേണ്ടിവന്നത് യഥാസമയം മറുപടി നൽകാതിരുന്നത് കൊണ്ടല്ലേയെന്ന് 13-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. 30 വർഷത്തെ ആഡിറ്റ് പരാമർശങ്ങൾ 2003 ഫെബ്രുവരി മാസത്തിന് ശേഷമാണ് ലോക്കൽ ഫണ്ട്

ആഡിറ്റ് വകുപ്പ് ഒരുമിച്ച് ലോക്കൽ വെരിഫിക്കേഷൻ നടത്തിയതെന്നും 199 ആഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാനുണ്ടായിരുന്നതിൽ 86 എണ്ണം തീർപ്പാക്കിയെന്നും ആനക്കയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

3. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ ഫലപ്രദമായി പ്രവർത്തിക്കാതിരിക്കുന്നതുമൂലമാണ് 30 വർഷംവരെയുള്ള ആഡിറ്റ് പരാമർശങ്ങൾ തീർപ്പാകാതെ കിടക്കുന്ന സാഹചര്യം സംജാതമാകുന്നതും ആയത് പ്രദേശിക പരിശോധനയിലൂടെ തീർപ്പാക്കേണ്ടി വരികയും ചെയ്യുന്നതെന്ന് സമിതി വിലയിരുത്തുന്നു. പഞ്ചായത്തുകളുടെ ആഡിറ്റ് പരാമർശങ്ങൾ യഥാസമയം തീർപ്പാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ബന്ധപ്പെട്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ ജാഗ്രത പാലിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

4. ആനക്കയം ഗ്രാമപഞ്ചായത്തിൽ പൊതുമരാത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് സാധനങ്ങൾ വാങ്ങിയതിന് അധിക വില നൽകിയത് സംബന്ധിച്ച ആഡിറ്റ് പരാമർശം ഒഴിവാക്കിയ മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

## എടപ്പാൾ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികൾക്ക് യൂണിഫോം നൽകുന്ന പ്രോജക്ട്-കൂടിയ നിരക്ക് നൽകിയതുമൂലം 68,262 രൂപയുടെ നഷ്ടം**

പട്ടികജാതി വർഗ്ഗത്തിൽപ്പെട്ട സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകിയതിന്റെ വിലയായി 2,30,578 രൂപ 29-6-1998-ന് കലിംഗർ സാരി സെന്ററിന് നൽകിയിട്ടുണ്ട്.

ഇതിനായി 17-6-1998-ലെ പത്ര പരസ്യപ്രകാരം ആറ് വസ്ത്രാലയങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചിരുന്നു. ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തിരുന്ന ത്രിവേണി ഡിപ്പാർട്ട്മെന്റൽ സ്റ്റോർ, പൊന്നാനി താലൂക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവരുടെ ക്വട്ടേഷൻ മതിയായ കാരണം കൂടാതെ ഒഴിവാക്കികൊണ്ട് കൂടുതൽ നിരക്ക് ക്വാട്ട് ചെയ്ത കലിംഗർ സാരി സെന്ററിന്റെ ക്വട്ടേഷൻ സ്വീകരിച്ചതുവഴി പഞ്ചായത്തിന് 68,262 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III, 35]

ആഡിറ്റ് പരാമർശത്തിന്മേൽ ലഭ്യമായ മറുപടി:—

5. "പഞ്ചായത്തിന്റെ 16-9-1999-ലെ 6(7) നമ്പർ തീരുമാനത്തിലും സെക്രട്ടറിയുടെ 18-9-1999-ലെ 354/99 പ്രകാരമുള്ള മറുപടിയിലും ക്വട്ടേഷൻ സമർപ്പിച്ച 6 സ്ഥാപനങ്ങളിൽ ഒരു സ്ഥാപനം മാത്രമാണ് തുണികളുടെ സാമ്പിൾ

ക്വട്ടേഷനോടൊപ്പം സമർപ്പിച്ചത് എന്നും ഗുണനിലവാരം, ബ്രാൻഡ് എന്നിവ ഉറപ്പുവരുത്തുന്നതിനായിട്ടാണ് ക്വട്ടേഷൻ നിരക്ക് കൂടുതലായിട്ടും അംഗീകരിക്കുവാൻ കമ്മിറ്റി തീരുമാനിച്ചത് എന്നും മറുപടി നൽകി.

സെക്രട്ടറിയുടെ 3-12-2005-ലെ കത്തിൽ 29-8-2005-ന് 67/05 (5) നമ്പർ പഞ്ചായത്ത് തീരുമാനപ്രകാരം തുക അടവാക്കുന്നതിൽ നിന്നും ശ്രീമതി സരോജിനി അമ്മയെ ഒഴിവാക്കണമെന്നപേക്ഷിക്കുവാൻ തീരുമാനിച്ചു എന്നറിയിച്ചു.

തുണിത്തരങ്ങളുടെ സാമ്പിൾ ക്വട്ടേഷനോടൊപ്പം ഹാജരാക്കണമെന്ന് ക്വട്ടേഷൻ നോട്ടീസിൽ [(എ2) 703/97 തീയതി 18-6-1998] നിബന്ധനയില്ല. ക്വട്ടേഷൻ ലഭിച്ചതിനുശേഷം ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്നതിന് വേണ്ടി ഡിപ്പാർട്ട്മെന്റ് സ്റ്റോറിനോട് സാമ്പിൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടുമില്ല. 25-6-1998-ലെ 27(2) നമ്പർ പഞ്ചായത്ത് തീരുമാനത്തിൽ ചുരുങ്ങിയ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച കലിംഗർ സാരി സെന്ററിന്റെ ക്വട്ടേഷൻ സ്വീകരിക്കുവാൻ തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ മറുപടി തൃപ്തികരമല്ലെന്ന് കണ്ടതിനാൽ എൽ.എഫ്.(എം) 11/1404/99 തീയതി 7-3-2000 നമ്പർ പ്രകാരം സർചാർജ്ജിന് ശുപാർശ ചെയ്യുകയും എച്ച്.ഒ.എൽ.എഫ്./7740/സ്പെ.സെൽ/എസ്/00 തീയതി 29-4-2000 പ്രകാരം ശ്രീമതി സരോജിനി അമ്മയ്ക്ക് സർചാർജ്ജ് നോട്ടീസും നൽകി. 29-6-2000-ന് സമർപ്പിച്ച മറുപടിയിലും മുൻ മറുപടി ആവർത്തിക്കുക മാത്രം ചെയ്തതിനാൽ എൽ.എഫ്. (എം) 11/960/00 തീയതി 23-3-2002 നമ്പർ കത്ത് പ്രകാരം സർചാർജ്ജ് നടപടി തുടരാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് ശുപാർശ ചെയ്യുകയും 8-5-2002-ലെ എൽ.എഫ്./7740/സ്പെ.സെൽ എസ്.സി. 3/00 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്."

(എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-12-2005-ലെ എ 4-652/05 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറിൽ നിന്ന് ലഭിച്ചത്)

6. 1997-98 കാലയളവിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് അന്നത്തെ സെക്രട്ടറി യായിരുന്ന ശ്രീമതി സരോജിനിയമ്മയ്ക്കെതിരെ 8-5-2002-ൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരിക്കേ തുക അടയ്ക്കുന്നതിൽ നിന്ന് ശ്രീമതി സരോജിനി അമ്മയെ ഒഴിവാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം [29-8-2005-ലെ 67/05 (5)-ാം നമ്പർ] ലോക്കൽ ഫണ്ട് ഡയറക്ടറോട് ആവശ്യപ്പെട്ടതിന്റെ യുക്തി 13-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കാതെ 68,262 രൂപ അധികം നൽകി യതിന് ശ്രീമതി സരോജിനിയമ്മക്ക് ബാദ്ധ്യതയുണ്ടെന്നും 1997-98 കാലയളവിൽ നടന്ന ക്രമക്കേട് ഒഴിവാക്കികിട്ടുന്നതിനായി ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറോട് ശുപാർശ ചെയ്യുന്നതിന്, ഏഴുവർഷങ്ങൾക്കുശേഷം നിലവിൽ വന്ന പുതിയ പഞ്ചായത്ത് കമ്മിറ്റിയെകൊണ്ട് തീരുമാനമെടുപ്പിച്ചത് തെറ്റല്ലേയെന്നും ഇത്തരത്തിൽ തീരുമാനമെടുക്കുന്നതിന് പഞ്ചായത്ത് രാജ് നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്നും സമിതി ആരായുകയുണ്ടായി. ഇക്കാര്യങ്ങളിൽ വ്യക്തമായ മറുപടി പഞ്ചായത്ത് അധികൃതരിൽ നിന്ന് ലഭിക്കാത്തതിനാൽ യൂണിഫോം വാങ്ങിയ ഇനത്തിൽ പഞ്ചായത്തിനുണ്ടായ 68,262 രൂപയുടെ നഷ്ടം ഉത്തരവാദിയായ സെക്രട്ടറി ശ്രീമതി

സരോജിനി അമ്മയിൽ നിന്ന് തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് സമിതി നിർദ്ദേശിച്ചിരുന്നു.

7. സമിതി നിർദ്ദേശപ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (20-1-2006-ലെ ഡി7-254/06 നമ്പർ കത്ത് പ്രകാരം നഷ്ടത്തിന് ഉത്തരവാദിയായ ശ്രീമതി സരോജിനി അമ്മയിൽ നിന്ന് തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്കായി 17-12-2005-ലെ എ4-652/05 നമ്പർ കത്ത് പ്രകാരം മലപ്പുറം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായി സമിതിയെ അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി യൂണിഫോം നൽകുന്ന പ്രോജക്ടിൽ അധിക നിരക്ക് നൽകിയതുമൂലം പഞ്ചായത്തിനുണ്ടായ 68,262 രൂപയുടെ നഷ്ടം ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീമതി സരോജിനിയമ്മയിൽ നിന്ന് ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ദുർബല ജനവിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണം**

23-2-1998-ലെ 107 (8)-ാം നമ്പർ തീരുമാനപ്രകാരം സംസ്ഥാനാവിഷ്കൃത പദ്ധതിവിഹിതം കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതം ഗുണഭോക്തൃവിഹിതം ഉൾപ്പെടെ 24,00,000 രൂപയുടെ അടങ്കലുള്ളതാണ് എടപ്പാൾ ഗ്രാമപഞ്ചായത്തിലെ ദുർബല ജനവിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണം എന്ന പദ്ധതി. ഇതിന്റെ നടത്തിപ്പിലുണ്ടായ ചില അപാകതകൾ താഴെ കൊടുക്കുന്നു.

1. ഈ പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഗുണഭോക്തക്കളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിരുന്നില്ല.
2. ഒരേ മാനദണ്ഡമനുസരിച്ച് മാർക്ക് ലഭിച്ച ഗുണഭോക്താക്കളുടെ പേരുകൾ നറുക്കെടുപ്പ് നടത്താതെയാണ് തെരഞ്ഞടുത്തിരിക്കുന്നത്.
3. മുൻഗണനാ ലിസ്റ്റിൽ കിട്ടിയ മാർക്കിൽ തിരുത്തലുകൾ നടന്നിട്ടുണ്ട്.
4. മുൻഗണനാ ലിസ്റ്റിൽ പേരില്ലാത്തവരും ഗുണഭോക്താക്കളായിട്ടുണ്ട്.
5. മുൻഗണനാക്രമം അനുസരിച്ച് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി സർക്കാർ നൽകിയ മാർഗ്ഗരേഖകൾ ശരിയായി പാലിക്കപ്പെട്ടിട്ടില്ല.

(ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV-55)

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

9. "5-8-1999-ന് ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ ബന്ധപ്പെട്ടവർക്ക് നൽകി. പഞ്ചായത്തിന്റെ 18-9-1999-ലെ 6(8) നമ്പർ തീരുമാനം സെക്രട്ടറിയുടെ 18-9-1999-ലെ 354/99 നമ്പർ കത്ത് എന്നിവയിൽ ഗുണഭോക്താക്കളിൽ ഭൂമിയുടെ ഉടമസ്ഥാവകാശരേഖ ഹാജരാക്കാൻ കഴിയാത്തവരെയും ആനുകൂല്യം വേണ്ട എന്നപേക്ഷിച്ചവരെയും പിന്നീട് ഒഴിവാക്കി മുൻഗണനാടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയത്."

(എടപ്പാൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-12-2005-ലെ എ4/652/05 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടറിൽ നിന്ന് ലഭിച്ചത്)

## നിഗമനങ്ങൾ/ശുപാർശകൾ

10. ദുർബല വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണവുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു.

## വെട്ടത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മാണം പൂർത്തീകരണത്തിന് ശേഷമുള്ള മസ്റ്റർ റോൾ അംഗീകരിക്കുന്നില്ല**

ഉപാധി രഹിത നിധി ഉപയോഗിച്ച് തേലക്കാട് ബസ് വെയിറ്റിംഗ് ഷെഡ് നിർമ്മാണത്തിന് 30,621 രൂപ 26-4-1995-ന് നൽകി. പ്രസ്തുത പ്രവൃത്തി പെരിന്തൽമണ്ണ അസിസ്റ്റന്റ് എഞ്ചിനീയർ 34,530 രൂപയ്ക്ക് മൂല്യനിർണ്ണയം നടത്തിയിട്ടുണ്ട്. പക്ഷേ 11-9-1996-ൽ പൂർത്തിയായ പ്രവൃത്തിക്ക് മൂല്യനിർണ്ണയ തുകയായ 34,530 രൂപ വരത്തക്കവണ്ണം മുൻവർഷത്തെ ചെലവ് തുക കഴിച്ചുള്ള 3,909 രൂപയ്ക്കായി 1-4-1997 മുതൽ 18-4-1997 വരെ കൂലിപ്പണി ചെയ്യുന്നതായി വ്യാജ മസ്റ്റർ റോൾ ചമയ്ക്കുകയാണുണ്ടായത്. ഇത് ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999 ഖണ്ഡിക III 36(8)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

11. "തിരുവനന്തപുരം ബഹു. ലോക്കൽ ഫണ്ട് ഡയറക്ടറുടെ LF 6538/Spl. Cell SC 5/00 നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരം പഞ്ചായത്തിന് നഷ്ടം വരുത്തിയ 3909 രൂപ തിരിച്ചടയ്ക്കണമെന്ന് പറഞ്ഞ് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് ഈ ഓഫീസിൽ നിന്നും 23-6-2003 എ-94/2000 നമ്പർ രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടി തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ലെന്നും ബോധിപ്പിച്ച് കൊള്ളുന്നു."

(വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-12-2005-ലെ 306/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

12. വ്യാജ മസ്റ്റർ റോൾ ഉണ്ടാക്കിയ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. പി. രാമകൃഷ്ണൻ ആയിരുന്നുവെന്നും അദ്ദേഹം ഇപ്പോൾ സർവ്വീസിൽ ഇല്ലെന്നും 14-1-2003-ൽ അദ്ദേഹത്തിനെതിരെ സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്തിട്ടുണ്ടെന്നും എന്നാൽ തുക അടച്ചിട്ടില്ലെന്നുമാണ് 13-12-2005-ലെ തെളിവെടുപ്പ് വേളയിലെ സമിതിയുടെ ഇത് സംബന്ധമായ ചോദ്യത്തിന് വെട്ടത്തൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയത്.

സർചാർജ്ജ് നടപടിക്ക് വിധേയനായ ശ്രീ. രാമകൃഷ്ണനിൽ നിന്ന് ആർ.ആർ. നടപടിയിലൂടെ തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

13. സമിതി നിർദ്ദേശപ്രകാരം പഞ്ചായത്ത് ഡയറക്ടർ 3-3-2006-ലെ എച്ച്5/ 35992/05 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ 1997-98 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 36(1), (2), 38, 43, 44 പ്രകാരം തടസ്സപ്പെടുത്തിയ 16,181 രൂപ ഉത്തര വാദിയായ ജൂനിയർ സൂപ്രണ്ട് ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്നും 20-12-2005-ന് 15963/74 നമ്പർ രസീതി പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുള്ളതായി സെക്രട്ടറി അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

14. സർചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്ത് വർഷങ്ങൾ കഴിഞ്ഞതും കോടതി ഇടപെടലുകൾ ഇല്ലാത്തതുമായ കേസുകളിൽപോലും ക്രമക്കേടുകൾക്കു ത്തരവാദികളായവരിൽനിന്നും തുക തിരിച്ച് പിടിക്കുന്നതിന് മലപ്പുറം ജില്ലയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും അതിന് മേൽനോട്ടം വഹിക്കേണ്ട പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരും ഡെപ്യൂട്ടി ഡയറക്ടർമാരും നടപടി സ്വീകരിക്കാതിരി ക്കുന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

15. ബസ്സ് വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മാണത്തിന് വ്യാജ മസ്റ്റർ റോൾ ഉണ്ടാക്കി ചെലവാക്കിയതായി കാണിച്ചിട്ടുള്ള 3,909 രൂപ ഉൾപ്പെടെയാണോ 16,181 രൂപ ശ്രീ കെ. പി. രാമകൃഷ്ണനിൽനിന്ന് ഈടാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അക്കാര്യംകൂടി വ്യക്തമാക്കിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ചുങ്കം-കല്ലാഞ്ചിറ കോളനി റോഡ് റിപ്പയർ-മൂല്യനിർണ്ണയത്തിൽ കവിഞ്ഞ ചെലവ് അംഗീകരിക്കുന്നില്ല**

1996-97-ലെ ഉപാധിരഹിത നിധിയിൽ റോഡ് വികസനത്തിൽ ഉൾപ്പെടുത്തി 75,000 രൂപ എസ്റ്റിമേറ്റിലുള്ള ചുങ്കം-കല്ലാഞ്ചിറ കോളനി റോഡ് റിപ്പയർ പഞ്ചായത്ത് നേരിട്ട് നടത്തുകയും 83,057 രൂപ ചെലവഴിക്കുകയും ചെയ്തു. പക്ഷേ അളവു പുസ്തകപ്രകാരം പ്രസ്തുത പ്രവൃത്തി 74,319 രൂപയ്ക്ക് മാത്രമേ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളൂ. ആയതിനാൽ മൂല്യനിർണ്ണയത്തിൽ കൂടുതൽ ചെലവഴിച്ച 8,738 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999 ഖണ്ഡിക III 36(b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

16. "തിരുവനന്തപുരം ബഹു. ലോക്കൽ ഫണ്ട് ഡയറക്ടറുടെ LF 6538/ Spl. Cell SC 5/00 നമ്പർ സർചാർജ് സർട്ടിഫിക്കറ്റ് പ്രകാരം പഞ്ചായത്തിന് നഷ്ടം വരുത്തിയ 8,738 രൂപ തിരിച്ചടയ്ക്കണമെന്ന് പറഞ്ഞ് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിക്ക് ഈ ഓഫീസിൽ നിന്നും 23-6-2003 എ-94/2000 നമ്പർ രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടി തുക പഞ്ചായത്തിൽ അടവാക്കിയിട്ടില്ലെന്നും ബോധിപ്പിച്ച് കൊള്ളുന്നു."

(വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-12-2005-ലെ 306/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/ശുപാർശകൾ

17. ചുങ്കം-കല്ലാഞ്ചിറ റോഡ് പ്രവൃത്തിയിൽ മൂല്യനിർണ്ണയത്തിൽ കൂടുതലായി ചെലവഴിച്ച 8,738 രൂപ കൂടി ഉൾപ്പെടുത്തിയാണോ ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്ന് 16,181 രൂപ തിരിച്ചുപിടിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ (നമ്പർ എച്ച്. 5/35992/05 തീയതി 3-3-2006) വിശദമാക്കിയിട്ടില്ലാത്തതിനാൽ അക്കാര്യം കൂടി വ്യക്തമാക്കി ഇനം തിരിച്ച് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ജനകീയാസൂത്രണം-കക്കാട് കുളം നിർമ്മാണം-അധിക നിരക്ക് നൽകിയത് അനുവദനീയമല്ല**

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനർക്ക് 1,87,346 രൂപ നൽകുകയുണ്ടായി. സർക്കാർ ഉത്തരവ് നമ്പർ 216/97/തഭവ. തീയതി 23-9-1997 പ്രകാരം ജില്ലാ കളക്ടർ നിജപ്പെടുത്തിയ പ്രാദേശിക നിരക്കും 1-7-1996 മുതൽ പ്രാബല്യത്തിലുള്ള പൊതുമരാമത്ത് നിരക്കും അനുസരിച്ച് മൂല്യ നിർണ്ണയം നടത്തിയാൽ ഈ പ്രവൃത്തിക്ക് 1,78,013 രൂപ മാത്രമേ നൽകാൻ കഴിയുകയുള്ളൂ. ഗുണഭോക്തൃ വിഹിതം കഴിച്ചാൽ കൺവീനർമാർക്ക് അർഹതപ്പെട്ട തുക 1,67,363 രൂപ മാത്രമാണ്. അധികം നൽകിയ 19,983 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999 ഖണ്ഡിക III 36(c)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

18. "ആഡിറ്റ് തടസ്സം സംബന്ധിച്ച് പരിശോധിച്ചു ഈ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഇപ്പോൾ അരിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. അബ്ദുൾ റഷീദാണ്. ടിയാൻ 19,983 രൂപ പ്രസ്തുത ആഡിറ്റ് തടസ്സം സംബന്ധിച്ച് സർചാർജ്ജ് സർട്ടിഫിക്കറ്റ് ആയിട്ടുണ്ട്. സർചാർജ്ജ് നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്."

(വെട്ടത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-12-2005-ലെ 306/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

19. കക്കാട് കുളം നിർമ്മാണത്തിന് അധിക നിരക്ക് അനുവദിച്ച അന്നത്തെ സെക്രട്ടറി ശ്രീ. അബ്ദുൾ റഷീദിനെതിരെയുള്ള സർചാർജ്ജ് നടപടി ഒഴിവാക്കിയിട്ടുള്ളതിനാൽ അങ്ങനെ ഒഴിവാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കി റിപ്പോർട്ട് നൽകാൻ തെളിവെടുപ്പ് മദ്ധ്യേ സമിതി മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു.

20. സമിതി നിർദ്ദേശപ്രകാരം മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ [ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 22-2-2006-ലെ 20819/സ്പെ.സെൽ (ജി1)/2005 നമ്പർ കത്ത് പ്രകാരം] ചെലവ് നടത്തിയ രേഖകളോടൊപ്പം ഡേറ്റാ ഷീറ്റ് ലഭ്യമായിരുന്നില്ലെന്നും പിന്നീട് പ്രാദേശിക പരിശോധനയിൽ വിശദമായ ഡേറ്റാ ഷീറ്റ് ഹാജരാക്കിയപ്പോൾ ആയത് പരിശോധിച്ച് അധിക നിരക്ക് നൽകിയിട്ടില്ലെന്നും അധിക തുക ചെലവാക്കിയിട്ടില്ലെന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പരാമർശം ഒഴിവാക്കിയതെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

21. മേൽപരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

## എടരിക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ടാർ കാലി ബാരലിന്റെ വില ഈടാക്കിയതിൽ നഷ്ടം 8,800 രൂപ**

പഞ്ചായത്തിലെ 18-3-1998-ലെ 90-ാം നമ്പർ വൗച്ചർപ്രകാരം വാങ്ങിയതും വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത കൺവീനർമാർക്ക് നൽകിയതുമായ ടാറിന്റെ 80 കാലി ബാരലുകളുടെ വില ഈടാക്കിയിട്ടില്ല. ബാരൽ ഒന്നിന് 100 രൂപയും വിൽപ്പന നികുതി ഉൾപ്പെടെ 80 ബാരലിന്റെ വില 8,800 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III 37]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

22. "1997-98 വർഷത്തെ പ്രഥമ ജനകീയാസൂത്രണ പദ്ധതിയിൽ റോഡ് പ്രവൃത്തികൾക്ക് വേണ്ടി ഗുണഭോക്തൃ സമിതികൾക്ക് ടാർ വാങ്ങി നൽകിയതിൽ ഒഴിഞ്ഞ ബാരലിന്റെ വില സെയിൽസ്ടാക്സ് ഉൾപ്പെടെ 8,800 രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടില്ലെന്ന് ഓഡിറ്റിൽ ചൂണ്ടക്കാണിച്ചിരിക്കുന്നു. അതനുസരിച്ച് ഓഡിറ്റ് പാരാ സഹിതം അന്നത്തെ സെക്രട്ടറി പി. ചന്ദ്രശേഖരനോട് വിശദീകരണം തേടിയപ്പോൾ മേപ്പടി തുക ഗുണഭോക്തൃസമിതികളിൽ നിന്ന് ഈടാക്കണമെന്ന് മറുപടി തരികയുണ്ടായി (24-12-1999-ന്).

23. തുടർന്ന് 3-8-2000 തീയതിക്ക് മേപ്പടി തുക 8,800 രൂപ അടവാക്കാവുന്നതാണെന്നും ശ്രീ. പി. ചന്ദ്രശേഖരൻ അറിയിച്ചിരുന്നു. പിന്നീട് 12-9-2001 തീയതിക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം, എൽ.എഫ്.-6537/ സ്പെ. സെൽ (എസ്.സി3) നമ്പരായി മേപ്പടി തുക അടവാക്കുന്നതിന് ശ്രീ. പി. ചന്ദ്രശേഖരന് സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകുകയുണ്ടായി.

24. എടരിക്കോട് ഗ്രാമപഞ്ചായത്ത് 3-3-2005-ലെ യോഗത്തിൽ ഇക്കാര്യത്തിൽ ചർച്ച ചെയ്തു. 1997-98-ൽ ജനകീയാസൂത്രണ പദ്ധതിയുടെ തുടക്കമായതിനാൽ ഗുണഭോക്തൃ സമിതികൾക്ക് വേണ്ടത്ര പരിചയമില്ലാത്തതിനാലും അറിവില്ലായ്മയാലും ഒഴിഞ്ഞ ടാർ വീപ്പകൾ സൂക്ഷിക്കുന്നതിന് കഴിഞ്ഞില്ലെന്നും മാത്രമല്ല അവ ദ്രവിച്ചതിനാൽ വിറ്റാൽ ഒന്നും കിട്ടാത്ത അവസ്ഥയിൽ ആയിരുന്നെന്നും അഭിപ്രായപ്പെട്ടു.

25. അതിനാൽ 1997-98 പ്രഥമ വർഷത്തിൽ പദ്ധതി നടത്തിപ്പിൽ വന്ന അപാകതകൾ മാപ്പാക്കി ഓഡിറ്റിൽ തടസ്സം ചെയ്ത ഒഴിഞ്ഞ ടാർ ബാരലിന്റെ വില 8,800 രൂപ ഒഴിവാക്കി ഉത്തരവുണ്ടാകുവാൻ ബഹു. കേരള സർക്കാരിനോട് അപേക്ഷിക്കുവാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. (തീരുമാനം നമ്പർ 6 (11). പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തടസ്സം ഒഴിവാക്കി കിട്ടുവാൻ ബഹു. തദ്ദേശ സ്വയംഭരണ സെക്രട്ടറി അവർകളോട് അപേക്ഷിച്ചിട്ടുണ്ട്."

(എടരിക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-12-2005-ലെ എ1-234/98 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

26. ടാർ കാലി ബാരലിന്റെ വില ഈടാക്കാത്തതിനാൽ എടരിക്കോട് ഗ്രാമപഞ്ചായത്തിനുണ്ടായ 8,800 രൂപയുടെ നഷ്ടം ഈടാക്കുന്നതിന് 12-11-2004-ൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്തിരുന്ന സാഹചര്യത്തിൽ സർചാർജ്ജ് തുക ഒഴിവാക്കി നൽകുന്നതിന് സർക്കാരിനോട് അപേക്ഷിക്കാൻ 3-3-2005-ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തത് പഞ്ചായത്ത് രാജ് നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമാണെന്നും അതിനാൽ സർചാർജ്ജ് നടപടിക്ക് വിധേയനായ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ചന്ദ്രശേഖരനിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്നും 13-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു.

27. സമിതി നിർദ്ദേശപ്രകാരം 20-1-2006-ലെ ഡി-7-254/06 നമ്പർ) മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. പി. ചന്ദ്രശേഖരനിൽ നിന്ന് 8,800 രൂപ 12% പലിശ സഹിതം 12,922 രൂപ റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് 20-12-2005-ലെ എ1-234/98 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയതായി സമിതിയെ അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

28. ശ്രീ. പി. ചന്ദ്രശേഖരനെതിരെ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക തിരിച്ച് പിടിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

385/2008.

## വഴിക്കടവ് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഉപാധിരഹിത ഫണ്ട്-ബസ്സ്സ്റ്റാന്റ് അഭിവൃദ്ധിപ്പെടുത്തൽ-അപാകതകൾ**

വഴിക്കടവ് പഞ്ചായത്ത് ബസ്സ്റ്റാന്റ് അഭിവൃദ്ധിപ്പെടുത്തലിന് 4.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ പഞ്ചായത്ത് നേരിട്ട് നടത്തിയ പ്രവൃത്തിക്ക് 6,98,058 രൂപ ചെലവഴിച്ചിരുന്നു. ഈ പ്രവൃത്തിക്ക് 4,66,408 രൂപ മൂല്യനിർണ്ണയം ചെയ്തിരുന്നു. ഈ പ്രവൃത്തി സംബന്ധിച്ച രേഖകകൾ പരിശോധിച്ചതിൽ 364 എം$^3$ കരിങ്കല്ല് ആവശ്യമുള്ളിടത്ത് 434 എം$^3$ കരിങ്കല്ല് വാങ്ങിയതായി കാണുന്നു. അധികം വാങ്ങിയ 70 എം$^3$ കരിങ്കല്ലിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ അധികം ചെലവ് ചെയ്ത 22,750 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III 38 (a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

29. "പ്രവൃത്തി നടത്തുന്നതിനാവശ്യമായ 6,98,147 രൂപയുടെ താരതമ്യ പത്രിക പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും അംഗീകരിച്ച് വാങ്ങിയിട്ടുണ്ട്. ആയതു പ്രകാരം ബന്ധപ്പെട്ട എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ പ്രകാരവും (1/96-97 നമ്പർ അളവു പുസ്തകം) മേൽ താരതമ്യപത്രിക പ്രകാരവും മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് 4,50,000 രൂപയാണെങ്കിലും മൂല്യനിർണ്ണയം, എസ്റ്റിമേറ്റ് നിരക്കിൽ 4,66,408 രൂപയ്ക്ക് എഞ്ചിനീയർ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിനനുസരിച്ച് ഉള്ള ലോക്കൽ നിരക്ക് കണക്കാക്കിയാണ് താരതമ്യപത്രിക തയ്യാറാക്കിയിട്ടുള്ളതും അംഗീകാരം ലഭിച്ചിട്ടുള്ളതും. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുന്ന വിധത്തിൽ ഫണ്ട് ചെലവ് ചെയ്തിട്ടില്ല. മൊത്തം ചെലവ് 6,98,058 രൂപയാണ്. ആയത് താരതമ്യപത്രികയിലെ തുകയേക്കാൾ കുറവാണ്.

കൂടുതൽ വാങ്ങിയ 70 എം$^3$ കരിങ്കല്ലിന്റെ വിലയായ 22,750 രൂപ തിരിച്ചടവാക്കുന്ന തിനുവേണ്ടി ഓഡിറ്റ് ഖണ്ഡിക പ്രകാരം ബാധ്യത നിശ്ചയിച്ച ശ്രീ. പി. വിജയൻ അസിസ്റ്റന്റ് ഡയറക്ടർ എന്നവർക്ക് നോട്ടീസ് അയച്ചെങ്കിലും മറുപടിയിൽ ടിയാന്റെ കാലയളവിലല്ല പ്രവൃത്തി നടന്നതെന്ന് അറിയിച്ചതിനാൽ ശ്രീ. കെ. ടി. അയ്യപ്പൻ സീനിയർ സൂപ്രണ്ട് പെർഫോമൻസ് ഓഡിറ്റ് എന്നവർക്ക് തുക അടവാക്കാൻ നോട്ടീസ് അയച്ചെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. മുഴുവൻ കാര്യങ്ങളും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുമുണ്ട്. ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ ലോക്കൽ വെരിഫിക്കേഷനിൽ ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്."

(വഴിക്കടവ് ഗ്രാപഞ്ചായത്ത് സെക്രട്ടറിയുടെ 3-11-2005-ലെ ബി-278/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

30. ബസ്സ് സ്റ്റാന്റ് അഭിവൃദ്ധിപ്പെടുത്താൻ പ്രോജക്ടിന് അധികം ചെലവ് ചെയ്ത 22,750 രൂപ തിരിച്ചു പിടിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് തെളിവെടുപ്പ് വേളയിലെ സമിതിയുടെ ചോദ്യത്തിന് ഇക്കാര്യത്തിൽ വഴിക്കടവ്

ഗ്രാമപഞ്ചായത്തിലെ അന്നത്തെ സെക്രട്ടറിയും ഇപ്പോൾ പഞ്ചായത്ത് ഡയറക്ടറേറ്റിലെ (അനക്സ്) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസറുമായ ശ്രീ. കെ. ടി. അയ്യപ്പന് നോട്ടീസ് അയച്ചിട്ടുണ്ടെന്നും എന്നാൽ മറുപടി ലഭിച്ചിട്ടില്ലെന്നും വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ശ്രീ. അയ്യപ്പന് 4-5-2000-ൽ സർചാർജ്ജ് നോട്ടീസ് നൽകിയെന്നും അതിന് 5-4-2005-ൽ മാത്രമാണ് മറുപടി ലഭിച്ചതെന്നും മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും സമിതിയെ അറിയിച്ചു. ശ്രീ. അയ്യപ്പനെതിരെ അടിയന്തിരമായി സർചാർജ്ജ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി.

31. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (16-2-2006-ലെ എൽ.എഫ്. 20819/സ്പെ. സെൽ ജി1/06 നമ്പർ കത്ത് പ്രകാരം) ശ്രീ. കെ. ടി. അയ്യപ്പന് 17-1-2006-ലെ എൽ.എഫ്. 7741/സ്പെ.സെൽ എസ്.സി3/എസ്.സി6/00 പ്രകാരം സർചാർജ്ജ് നോട്ടീസ് നൽകിയിട്ടുണ്ടെന്നും സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

32. ശ്രീ. കെ. ടി. അയ്യപ്പന് എതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ലക്ഷം വീട് കോളനി-വെട്ടുകത്തികോട്ട റോഡ് നിർമ്മാണം-അധിക ചെലവ്**

മേൽ പ്രവൃത്തി പൂർത്തീകരിച്ച് 6-6-1998-ന് അളവെടുക്കുകയും 7-6-1998-ന് മേലളവ് എടുക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ സമിതി മുഖേന ചെയ്ത പ്രവൃത്തിയ്ക്ക് 66,860 രൂപ മസ്റ്റർ റോൾ പ്രകാരം പണിക്കൂലി നൽകിയിട്ടുണ്ട്. മൊത്തം 2,00,527 രൂപ മൂല്യനിർണ്ണയം ചെയ്ത പ്രവൃത്തിക്ക് സാധനവില പണിക്കൂലി എന്നിവയിൽ താഴെ പറയുംവിധം അധികം നൽകിയതായി കാണുന്നു.

| സാധനം | അർഹമായ വിലനിരക്ക് | നൽകിയവില | അധികം നൽകിയത് |
|---|---|---|---|
| 394 ചാക്ക് സിമന്റ് | 165 രൂപ | 175 | 3,840 |
| 37.28 എം$^3$ മണൽ | 320 എം$^3$ | 420 എം$^3$ | 3,725 |
| | | | 7,566 |

കൂടാതെ ആവശ്യമായ തൊഴിലാളികളുടെ പര്യാപ്തത (ആഡിക്വസി) തയ്യാറാക്കിയശേഷം അധിക തൊഴിലാളികൾക്ക് കൂടുതലായി കൂലി നൽകിയതായി കാണുന്നു. ആഡിക്വസി പ്രകാരം നൽകേണ്ട 59,190 രൂപയ്ക്ക് പകരം 86,680 രൂപ നൽകിയതിനാൽ 7,470 രൂപ അധികം നൽകിയിട്ടുണ്ട്. അധികമായി ചെലവുവന്ന 15,036 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III 38(b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

33. "2,10,000 രൂപയ്ക്ക് ഭരണാനുമതി നൽകിയതും 2,10,000 രൂപയ്ക്ക് സാങ്കേതികാനുമതി ലഭിച്ചതുമായ പ്രവൃത്തിയ്ക്ക് വൗച്ചർ നമ്പർ 219/24-6-1998 പ്രകാരം 2 ലക്ഷം രൂപ മാത്രമാണ് ചെലവ് ചെയ്തിട്ടുള്ളത്. അളവു പുസ്തകം 11/98-99-ലെ 1 മുതൽ 15 വരെയും 16 മുതൽ 22 വരെയുമുള്ള പേജുകളിൽ പ്രവൃത്തിയുടെ മുഴുവൻ അളവുകളും എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയ്ക്ക് 2,00,527 രൂപയ്ക്ക് മൂല്യനിർണ്ണയവും ലഭിച്ചിട്ടുണ്ട്.

സാധനങ്ങൾക്ക് അധിക വില കാണിച്ചതും അളവെടുത്ത് കഴിഞ്ഞ മസ്റ്റർ റോൾ പ്രകാരം പണിക്കൂലി നൽകിയതും, ഗുണഭോക്തൃകമ്മിറ്റിയ്ക്ക് പൊതുമരാമത്ത് പ്രവർത്തിയിലുള്ള പരിമിതമായ അറിവും കാരണം ബന്ധപ്പെട്ട രേഖകൾ തയ്യാറാക്കുന്നതിൽ തെറ്റുപറ്റിയതാണ്. പ്രസ്തുത കാര്യങ്ങൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും ലോക്കൽ വെരിഫിക്കേഷനിൽ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ ബോദ്ധ്യപ്പെടുത്തിയതുമാണ്."

(വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-11-2005-ലെ ബി-278/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

34. ലക്ഷം വീട് കോളനി വെട്ടുകത്തി റോഡ് നിർമ്മാണത്തിന് അധിക തുക ചെലവ് ചെയ്തത് സംബന്ധിച്ച പരാമർശത്തിന് അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വിജയൻ നൽകിയ മറുപടി പരിഗണിച്ച് പരാമർശം ഒഴിവാക്കാവുന്ന താണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. വഴിക്കടവ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 13-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിരുന്നു.

35. പരാമർശം ഒഴുവാക്കാമെന്ന രീതിയിൽ പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

36. സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (16-2-2006-ലെ എൽ.എഫ്. 20819/സ്പെ.സെൽ ജി1/05 നമ്പർ കത്ത് പ്രകാരം) ഗുണഭോക്തൃ സമിതി ലഭ്യമാക്കിയ വൗച്ചറുകൾ പരിശോധിച്ച് പ്രവൃത്തിയുടെ യഥാർത്ഥ ചെലവ് 2,14,983 രൂപ വരുന്നതിനാലും മൂല്യനിർണ്ണയത്തിൽ പഞ്ചായത്തിന്റെ ചെലവ് 2,00,000 രൂപ മാത്രമായതിനാൽ അധിക തുക വരുന്നില്ലെന്നും അതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതിയെ അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

37. ആഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നിർദ്ദേശം സമിതി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**ആനമറി-ഫോറസ്റ്റ് റോഡ്-അഭിവൃദ്ധിപ്പെടുത്തൽ അധികച്ചെലവ്**

ഗുണഭോക്തൃ സമിതി മുഖേന പൂർത്തീകരിച്ച പ്രവൃത്തി 18-6-1998-ന് അളവെടുക്കുകയും 20-6-1998-ന് മേലളവ് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനാൽ 18-6-1998-നുശേഷം മസ്റ്റർ റോൾ പ്രകാരം കൂലിയിനത്തിൽ നൽകിയ 2,510 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽപ്പറഞ്ഞ പ്രവൃത്തിക്ക് പണിക്കാരുടെ ആഡിക്വസി തയ്യാറാക്കിയശേഷം അധികരിച്ച തോതിൽ തൊഴിലാളികളെ നിയോഗിച്ച് കൂലി നൽകിയെന്ന രേഖയുണ്ടാക്കിയതായി കാണുന്നു. ഈ വകയിൽ 5,900 രൂപ അധിക ചെലവായിട്ടുണ്ട്. അധികം ചെലവായ മൊത്തം 8,410 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III 38(c)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

38. "90,000 രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയുമുള്ള പ്രവൃത്തിക്ക് വൗച്ചർ നമ്പർ 221/98 തീയതി 4-6-1998 പ്രകാരം മേൽനോട്ടത്തിനുള്ള തുകയായ 3,560 രൂപയടക്കം 90,000 രൂപയെ നൽകിയിട്ടുള്ളൂ. ടി പ്രവൃത്തിക്ക് എഞ്ചിനീയർ അവസാന ബിൽ പ്രകാരം 96,440 ക.യ്ക്കുള്ള മൂല്യ നിർണ്ണയം എം. ബുക്ക് നമ്പർ 9/98-99 പ്രകാരം (പേജ് 6-7) നൽകിയിട്ടുണ്ട്. മുഴുവൻ ചെലവുകളും പഞ്ചായത്ത് കമ്മിറ്റിയും ഗുണഭോക്തൃ കമ്മിറ്റിയും അംഗീകരിച്ചു. സാധനസാമഗ്രികളുടെ വിലയോ കൂലിയോ അധികം നൽകിയിട്ടില്ല. ഗുണഭോക്തൃ കമ്മിറ്റിക്ക് രേഖകൾ തയ്യാറാക്കുന്നതിലും കണക്കുകൾ ശരിയാക്കുന്നതിലുമുള്ള അറിവില്ലായ്മമൂലമാണ് ഇങ്ങനെ സംഭവിച്ചത്. ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ലോക്കൽ വെരിഫിക്കേഷനിൽ ഈ കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്."

(വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-11-2005-ലെ ബി. 278/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/ശുപാർശകൾ

39. ആനമറി ഫോറസ്റ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് 90,000 രൂപയുടെ മൂല്യനിർണ്ണയമാണ് നടത്തിയിട്ടുള്ളതെങ്കിലും 1,02,794 രൂപ ഗുണഭോക്തൃസമിതി ചെലവഴിച്ചിട്ടുള്ളതിനാൽ അധിക തുക വരുന്നില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ (16-2-2006-ലെ എൽ.എഫ്. 20819/സ്പെ.സെൽ.ജി1/05 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പ്രവൃത്തി-അധികം തുക നൽകി**

മേൽ പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ വിലയായും മസ്റ്റർ റോൾ പ്രകാരമുള്ള പണിക്കൂലിയായും കണക്കാക്കി ഗുണഭോക്തൃ സമിതി കൺവീനർക്ക്

1,82,000 രൂപയിൽ നിജപ്പെടുത്തി നൽകിയിരുന്നു. വാങ്ങിയ സാധനങ്ങൾക്ക് പ്രാദേശിക നിരക്കിലും കൂടുതലായി വില നൽകിയതായി കാണുന്നു. അതുപോലെ പണി പൂർത്തിയാക്കി 20-6-1998-ൽ അളവെടുപ്പും മേലളവും രേഖപ്പെടുത്തിയ ശേഷവും മസ്റ്റർ റോൾ പ്രകാരം തൊഴിലാളികളെ നിയോഗിച്ച് കൂലി നൽകിയതായി കാണുന്നു. പ്രാദേശിക നിരക്ക് പ്രകാരം സാധനങ്ങൾക്ക് വില നിശ്ചയിക്കുകയും തയ്യാറാക്കിയ ആഡിക്വസി പ്രകാരം തൊഴിലാളികൾക്ക് കൂലി നൽകുകയുമാണെങ്കിൽ ഈ പ്രവൃത്തിക്ക് 1,54,266 രൂപ മാത്രമേ ചെലവ് വരികയുള്ളൂ. ആവശ്യത്തിലധികം സാധന സാമഗ്രികൾ വിലയ്ക്ക് വാങ്ങിയതിനാലും കൂടുതൽ തൊഴിലാളികളെ വച്ച് പണി ചെയ്യിച്ചതിനാലും അധികം നൽകിയ 27,734 രൂപ (1,82,000-1,54,266) യും പൂർത്തീകരണത്തിനുശേഷം നൽകിയ കൂലി 7,320 രൂപയും ഓഡിറ്റിൽ അനുവദനീയമല്ല. എസ്റ്റിമേറ്റ് തുകയുടെ 5% കുറച്ചിട്ടില്ല. മൊത്തം അധികം നൽകിയ 39,604 രൂപ (27,734+7,320+4,550) തിരിച്ചടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III 38(d)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

40. "1,82,000 രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയുമുള്ള പ്രവൃത്തിക്ക് വൗച്ചർ നമ്പർ 224/98 തീയതി 24-6-1998 പ്രകാരവും എഞ്ചിനീയർ നൽകിയ 1,82,000 രൂപയ്ക്കുള്ള (എം.ബുക്ക് നമ്പർ 8/98-99 പേജ് 1 മുതൽ 23 വരെ) മൂല്യനിർണ്ണയപ്രകാരവും കൺവീനറിൽ നിന്ന് പിടിക്കാനുള്ള മുഴുവൻ തുകയുമടക്കം 1,82,000 രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. ആവശ്യത്തിലധികം സാധനസാമഗ്രികൾ വാങ്ങിയതിനോ പണിക്കൂലി നൽകിയതിലോ അധികം തുക നൽകിയിട്ടില്ല. മുഴുവൻ ചെലവുകളും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. മസ്റ്റർ റോൾ തുടങ്ങിയ രേഖകൾ തയ്യാറാക്കിയതിൽ, ഗുണഭോക്തൃ കമ്മിറ്റിക്ക് പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകൾ തയ്യാറാക്കുന്നതിലുള്ള പരിമിതമായ അറിവുമൂലം സംഭവിച്ച തെറ്റാണ്. ആയത് പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ട് അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് തുക അധികം നൽകുകയോ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യം ലോക്കൽ ഫണ്ട് വെരിഫിക്കേഷൻ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്."

(വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-11-2005-ലെ ബി. 278/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

ഓഡിറ്റ് ഖണ്ഡിക

**തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണി-അധിക ചെലവുകൾ**

മേൽ പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ വിലയും മസ്റ്റർ റോൾ പ്രകാരമുള്ള പണിക്കൂലിയിനത്തിൽ ആകെ 1,83,734 ചെലവുവന്നത് 1,82,000 രൂപയിൽ നിജപ്പെടുത്തി നൽകുകയുണ്ടായി. ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ രണ്ട് തരത്തിൽ ഉള്ള അധികച്ചെലവുകൾ ഉണ്ടായതായി കാണുന്നു.

1. ഈ പ്രവൃത്തിയുടെ നടത്തിപ്പിനായി തയ്യാറാക്കിയ സാധനസാമഗ്രികളുടെയും പണിക്കൂലിയുടെയും ആഡിക്വസി അധികരിച്ച് സാധനങ്ങൾ വാങ്ങിയതിനാലും പണിക്കൂലി നൽകിയതിനാലും സർക്കാർ അനുവദിച്ച പ്രാദേശിക നിരക്കുകളിൽ അധികം നൽകിയതിനാലും 27,734 രൂപയുടെ അധികച്ചെലവ് ഉണ്ടായതായി കാണുന്നു. ഈ പണിയുടെ പൂർത്തീകരണത്തിനുശേഷവും അതായത് 20-6-1998-ന് അളവും 21-6-1998-നു മേലളവും രേഖപ്പെടുത്തിയശേഷം (എം.ബുക്ക് 8/98-99-ൽ പേജ് 1 മുതൽ 23 വരെ) മസ്റ്റർ റോൾ പ്രകാരം താഴെക്കാണുന്ന പണിക്കാരെ പ്രവൃത്തിക്കായി നിയോഗിച്ച് കൂലി നൽകിയതായി കാണുന്ന പണിയുടെ പൂർത്തീകരണത്തിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാതെ നടത്തിയ പണിയുടെ ചെലവുകൾ അനുവദനീയമല്ല.

| നിയോഗിച്ച പണിക്കാർ | നൽകിയകൂലി |
|---|---|
| കൽപ്പണിക്കാർ-21 | 2,940 |
| പുരുഷന്മാർ-27 | 2,970 |
| സ്ത്രീകൾ-13 | 1,170 |
| കുട്ടികൾ-3 | 240 |
| ആകെ | 7,320 രൂപ |

2. എസ്റ്റിമേറ്റ് തുകയുടെ 5% തുക കുറിച്ചിട്ടില്ല. മൊത്തം അധികം നൽകിയ 27,734+7,320+4,550=39,604 ക. തിരിച്ചടയ്ക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, ഖണ്ഡിക IV (56)]

<u>ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി</u> :—

41. "1,82,000 രൂപയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയുമുള്ള പ്രവൃത്തിക്ക് വൗച്ചർ നമ്പർ 224/98 തീയതി 24-6-1998 പ്രകാരവും എഞ്ചിനീയർ നൽകിയ 1,82,000 രൂപയ്ക്കുള്ള (എം. ബുക്ക് നമ്പർ 8/98-99 പേജ് 1 മുതൽ 23 വരെ) മൂല്യനിർണ്ണയപ്രകാരവും കൺവീനറിൽനിന്ന് പിടിക്കാനുള്ള മുഴുവൻ തുകയുമടക്കം 1,82,000 രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. ആവശ്യത്തിലധികം സാധന സാമഗ്രികൾ വാങ്ങിയതിനോ പണിക്കൂലി നൽകിയതിലോ അധികം തുക നൽകിയിട്ടില്ല. മുഴുവൻ ചെലവുകളും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. മസ്റ്റർ റോൾ തുടങ്ങിയ രേഖകൾ തയ്യാറാക്കിയതിൽ ഗുണഭോക്തൃ കമ്മിറ്റിക്ക് പൊതുമരാമത്ത് പ്രവൃത്തികളുടെ രേഖകൾ തയ്യാറാക്കുന്നതിലുള്ള പരിമിതമായ അറിവുമൂലം സംഭവിച്ച തെറ്റാണ്. ആയതും പഞ്ചായത്ത് കമ്മിറ്റിക്ക് ബോദ്ധ്യപ്പെട്ട് അംഗീകരിച്ചിട്ടുണ്ട്. ഗുണഭോക്തൃ കമ്മിറ്റി കൺവീനർക്ക് തുക അധികം നൽകുകയോ പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യം ലോക്കൽ വെരിഫിക്കേഷൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്."

(വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 8-11-2005-ലെ ബി.278/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

42. പരാമർശ കാലയളവിലെ വഴിക്കടവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി യായിരുന്ന ശ്രീ. വിജയൻ പരാമർശത്തിന് നൽകിയ മറുപടി പരിഗണിച്ച് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി 13-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു.

43. പരാമർശം ഒഴിവാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിച്ചിരുന്നു.

44. സമിതി നിർദ്ദേശപ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (16-6-2006-ലെ എൽ.എഫ്. 20819/സ്പെ.സെൽ ജി1/05 നമ്പർ കത്ത് പ്രകാരം) 39,604 രൂപ അധിക തുക വന്നുവെന്ന പരാമർശം രേഖകളുടെ പരിശോധനാഫലമായി 33,320 രൂപയാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുക യുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

45. തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണിക്ക് 39,504 രൂപ അധികം നൽകിയതായുള്ള പരാമർശം ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 33,320 രൂപയായി കുറഞ്ഞുവെന്നുമാത്രമാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. ആയതിനാൽ തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണിക്ക് അധികമായി നൽകിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള 33,320 രൂപ, അധികം ചെലവുകൾ വരുത്തിയതിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കണമെന്നും തിരിച്ചടവിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

## കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വാഴകൃഷി വികസനം-അർഹതയില്ലാത്തവർക്കു നൽകിയ ധനസഹായം അംഗീകരിക്കുന്നില്ല**

പഞ്ചായത്തിന്റെ 19-2-1998-ലെ 56/98(1) നമ്പർ തീരുമാനപ്രകാരം വാഴകൃഷി വികസനത്തിന് 64 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നതെങ്കിലും 65 പേർക്ക് ധനസഹായം നൽകിയതായി കാണുന്നു. പഞ്ചായത്ത് തയ്യാറാക്കിയ ലിസ്റ്റിൽപെടാത്ത ശ്രീമതി കുന്നക്കാടൻ മറിയാമ്മയ്ക്ക് നൽകിയ 2,250 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാരിന്റെ ജി.ഒ.പി.220/97/തഭവ. തീയതി 2-10-1997 ഉത്തരവ് പ്രകാരം അർഹരായ ഗുണഭോക്താവിനല്ലാതെ നൽകുന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ പിടിക്കേണ്ടതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III 39(a)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

46. "നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2002-ലെ എൽ.എഫ്.-9189/സ്പെ.സെൽ/എസ്.സി-3/2000 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കി" .

(കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005-ലെ സി.1214/05 നമ്പർ കത്ത്)

## നിഗമനങ്ങൾ/ശുപാർശകൾ

47. നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**തെങ്ങുകൃഷി വികസനം-അനർഹർക്ക് പണം നൽകി**

തെങ്ങുകൃഷി വികസന പദ്ധതിയിലെ പമ്പ്സെറ്റ് സബ്സിഡിക്കായി 19-12-1998-ൽ പതിനഞ്ച് പേർക്ക് 2,500 രൂപ വീതവും ഒരാൾക്ക് 3,000 രൂപയും നൽകിയതിൽ 8 പേർ പഞ്ചായത്ത് തീരുമാനപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരല്ല. അനർഹരായ 8 പേർക്ക് നൽകിയ 20,500 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III 39(b)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

48. "നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 24-7-2002-ലെ എൽ.എഫ്.-9189/സ്പെ.സെൽ/എസ്.സി-3/2000 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കി".

49. പരാമർശം ഒഴിവാക്കിയിട്ടുണ്ടെങ്കിലും എട്ട് ഗുണഭോക്താക്കൾക്കും റെയ്ഡ്കോയിൽ നിന്ന് പമ്പ്സെറ്റ് വിതരണം ചെയ്തതായ രേഖകളും ഗുണഭോക്താക്കൾ ആയത് കൈപ്പറ്റിയതിനുള്ള രേഖകളും പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് 13-12-2005-ലെ തെളിവെടുപ്പ് മദ്ധ്യേ സമിതി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു.

50. സമിതി നിർദ്ദേശ പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (16-2-2006-ലെ എൽ.എഫ്. 20819/സ്പെ.സെൽ/ജി1/05 നമ്പർ കത്ത് പ്രകാരം) 8 ഗുണഭോക്താക്കളുടെയും കൈപ്പറ്റ് രശീതിയും പമ്പ്സെറ്റ് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും വാങ്ങിയ ക്യാഷ് ബില്ലും പമ്പ് സെറ്റ് യഥാർത്ഥത്തിൽ വാങ്ങിയതാണ് എന്ന സാക്ഷ്യപത്രവും കൃഷി ഓഫീസർ ഹാജരാക്കിയത് പരിശോധിച്ചുവെന്നും തടസ്സം ഒഴിവാക്കാവുന്നതാണെന്നും സമിതിയെ അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

51. പമ്പ് സെറ്റ് വാങ്ങിയതും അത് ഗുണഭോക്താക്കൾക്കു വിതരണം ചെയ്തതും തെളിയിക്കാനാവശ്യമായ രേഖകൾ ഫയലിലുണ്ടോയെന്ന ചോദ്യത്തിന് പമ്പ് സെറ്റ് റെയ്ഡ്കോയിൽ നിന്നാണ് വാങ്ങിയതെന്നും അതിന് ബില്ലുണ്ടെന്നുമാണ് തെളിവെടുപ്പ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർ ശ്രീ. പ്രകാശ് പുത്തൻ മഠത്തിൽ സമിതിയെ അറിയിച്ചത്. എന്നാൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പമ്പ് സെറ്റ് വാങ്ങിയ ക്യാഷ് ബില്ലും പമ്പ് സെറ്റ് യഥാർത്ഥത്തിൽ വാങ്ങിയതാണെന്ന സാക്ഷ്യപത്രവും കൃഷി ഓഫീസർ ഹാജരാക്കിയത് പരിശോധിച്ചു തടസ്സം ഒഴിവാക്കാവുന്നതാണെന്നാണ് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. രണ്ടും പരസ്പര വിരുദ്ധമാണെന്ന് സമിതി വിലയിരുത്തുന്നു. പമ്പ് സെറ്റുകൾ റെയ്ഡ്കോയിൽ നിന്നാണ് വാങ്ങിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയും സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയതെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആഡിറ്റ് തടസ്സപ്പെടുത്തിയ 20,500 രൂപ ക്യാഷ് ഡിസ്ബേഴ്സ് ചെയ്ത കൃഷി ഓഫീസർ ശ്രീ. പ്രകാശ് പുത്തൻ മഠത്തിൽ, അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എ. രാമചന്ദ്രൻ എന്നിവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**സംസ്ഥാന ഗ്രാമവികസന ബോർഡിന് പലിശ നൽകിയത്**

കോട്ടയ്ക്കൽ ഗ്രാമ പഞ്ചായത്തിന്റെ ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് സെന്റർ നിർമ്മാണത്തിനായി സംസ്ഥാന ഗ്രാമവികസന ബോർഡിലേയ്ക്ക് 30-11-1997 വരെയുള്ള കാലത്തേയ്ക്ക് പലിശയുൾപ്പെടെ ആകെ 36,27,834 രൂപ 30-11-1997-നുമുൻപായി അടയ്ക്കേണ്ടിയിരുന്നു. എന്നാൽ ഈ തുകയ്ക്കു പകരം 15,868 രൂപ കുറവു ചെയ്തു. 36,11,966 രൂപ 9-2-1998-ൽ (2 മാസം കഴിഞ്ഞ്) അടച്ചു. തുടർന്നു പലതവണ ബോർഡിൽ നിന്ന് ആവശ്യപ്പെട്ടിട്ടും അടയ്ക്കേണ്ട ഗഡുക്കൾ കൃത്യസമയത്ത് അടയ്ക്കാത്തതിനാൽ പലിശ വർദ്ധിക്കുകയും അവസാനം 24-9-1998-ലെ ബോർഡിന്റെ കത്തിൽ 30-9-1998 വരെയുള്ള പലിശയായി 1,24,621 രൂപ അടയ്ക്കാനാവശ്യപ്പെടുകയും അതനുസരിച്ച് 8-10-1998-ൽ തുക അടയ്ക്കുകയും ചെയ്തു. ഈ തുകയിൽ നല്ലൊരു ഭാഗം പിഴ പലിശയിനത്തിൽ പഞ്ചായത്തിന് അധികമായി നൽകേണ്ടിവന്നതാണ്. ഈ കാലയളവിലെല്ലാം തന്നെ പഞ്ചായത്തിന്റെ തനത് ഫണ്ട് ഭദ്രമായിരുന്നതിനാൽ പിഴപ്പലിശ ഇനത്തിലെ നഷ്ടം ഒഴിവാക്കാമായിരുന്നതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000, IV (53)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

52. "സെക്രട്ടറിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും 25-4-2003-ലെ എൽ.എഫ്./20573/സ്പെ.സെൽ (എസ്.സി./2000) നമ്പർ കത്ത് പ്രകാരം ഓഡിറ്റ് തടസ്സം ഒഴിവാക്കി."

(കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005-ലെ ഇ. 1214/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/ശുപാർശകൾ

53. പഞ്ചായത്തിന്റെ ബാദ്ധ്യത തീർക്കുക എന്ന ഉദ്ദേശത്തിലാണ് തുക ഒന്നിച്ച് അടച്ചതെന്നും അങ്ങനെ ചെയ്തതുമൂലം പഞ്ചായത്തിന് 88 ലക്ഷം രൂപ പലിശയിനത്തിൽ ലാഭമുണ്ടായിട്ടുണ്ടെന്നും മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിക്കുകയുണ്ടായി. കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ നടപടി സദുദ്ദേശത്തോടെ കൈക്കൊണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

## പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഉപാധിരഹിത ഫണ്ട്-മണ്ണ് ഉപയോഗിച്ച് ഫില്ലിംഗ്-ഉയർന്ന നിരക്ക് നൽകി**

ഉപാധിരഹിത ഫണ്ട് വിനിയോഗിച്ചുള്ള ചുവടെപ്പറയുന്ന പ്രവൃത്തികൾക്ക് മണ്ണുപയോഗിച്ചുള്ള ഫില്ലിംഗിന് സാധാരണ മണ്ണിന്റെ നിരക്കിനുപകരം ഉറച്ച മണ്ണിന്റെ നിരക്കനുസരിച്ച് വില നൽകിയതിനാൽ പഞ്ചായത്തിന് 11,089 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

1. പാലൂർമില്ലംപടി-കാണ്ടേക്കാവ് വികസനം
2. അമ്പലവട്ടം റോഡ് റിപ്പയർ
3. പുളിങ്കാവ്-മില്ലംപടി-അലഞ്ചിക്കാവ് റോഡ്
4. ചോലപ്പറമ്പ് ഹരിജൻ കോളനി വികസനം

ആഡിറ്റിൽ അംഗീകരിക്കാത്ത 11,089 രൂപ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999, ഖണ്ഡിക III (40)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

54. "22-4-2000 തീയതിയിലെ എ2-479/99-ാം നമ്പർ കത്ത് പ്രകാരം ആദ്യ മറുപടി നൽകുകയും, ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീ. തങ്കസ്വാമിയെ അറിയിക്കുകയും ചെയ്തു. ഇതിന് മറുപടി ലഭിച്ചതായി കാണുന്നില്ല. 13-6-2000 തീയതിയിലെ എൽ.എഫ്.7748/സ്പെ.സെൽ(എസ്/സി1)/2000(2) പ്രകാരം തങ്കസ്വാമിയ്ക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ചാർജ്ജ് നോട്ടീസ് ഫോം IX A-ൽ രജി.പോസ്റ്റായി നൽകുകയും തുടർന്ന് ലോക്കൽ ഫണ്ട് ഡയറക്ടറുടെ 3-12-2001-ലെ എൽ.എഫ്.7748/സ്പെ.സെൽ(എസ്/സി3)/2000 പ്രകാരം തങ്കസ്വാമിക്ക് ഫോം XA യിൽ 34,444 രൂപയ്ക്ക് സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. ഇതുവരെയും സംഖ്യ അടച്ചിട്ടില്ലാത്തതിനാൽ ഈ സംഖ്യ ശ്രീ. തങ്കസ്വാമിയുടെ ബാദ്ധ്യതയായി കണക്കാക്കി ബാദ്ധ്യതാ സർട്ടിഫിക്കറ്റ് നൽകുന്നതാണ്."

[പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 1-12-2005-ലെ 468/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

55. സർചാർജ്ജ് നടപടിക്ക് വിധേയനായ പഞ്ചായത്ത് സെക്രട്ടറി ശ്രീ. തങ്കസ്വാമി റിട്ടയർ ചെയ്തുവെന്നും എൻ.എൽ.സി. നൽകിയിട്ടില്ലെന്നും പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പ് മദ്ധ്യേ സമിതിയെ അറിയിക്കുകയുണ്ടായി. ശ്രീ. തങ്കസ്വാമിയിൽ നിന്ന് തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നതിന് മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

56. സമിതി നിർദ്ദേശ പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ (പഞ്ചായത്ത് ഡയറക്ടറുടെ 3-3-2006-ലെ എച്ച് 5/35992/05 നമ്പർ കത്ത് പ്രകാരം) സർചാർജ്ജ് നടപടി പ്രകാരമുള്ള 38,261 രൂപ ശ്രീ. തങ്കസ്വാമിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് വസൂലാക്കുന്നതിനായി ഈ തുക ഉൾപ്പെടുത്തി എൽ.സി.നൽകാൻ നിർദ്ദേശിക്കുകയും പ്രസ്തുത തുക കൂടി ഉൾപ്പെടുത്തി എൽ. സി. നൽകുന്നതാണെന്ന് പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

57. സർചാർജ്ജ് നടപടി പ്രകാരമുള്ള 38,261 രൂപ ശ്രീ. തങ്കസ്വാമിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് തിരിച്ചു പിടിച്ചിട്ടുണ്ടോയെന്നും തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## കുറുവ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കുഴൽ കിണർ നിർമ്മാണം-ക്രമക്കേടുകൾ**

പഞ്ചായത്തിൽ ടി പദ്ധതി പ്രകാരം 4,56,627 രൂപ ചെലവു ചെയ്തു. 17 കുഴൽ കിണറുകൾ നിർമ്മിച്ചു. അതിൽ 16 എണ്ണം നിർമ്മിച്ചതിന് സൂപ്പർവിഷൻ ചാർജായി കിണറൊന്നിനു 1,965 രൂപ നിരക്കിൽ ആകെ 31,440 രൂപ കൺവീനർമാർക്ക് നൽകിയത് ക്രമപ്രകാരമല്ല. ചട്ടപ്രകാരമുള്ള ഈ ചാർജ്ജുകൾ, എസ്റ്റിമേറ്റ് തയ്യാറാക്കുകയും നിർമ്മാണത്തിന്റെ സൂപ്പർവിഷൻ നടത്തുകയും ചെയ്യുന്നവർക്ക് പ്രത്യേകമായി നൽകുന്നുണ്ട്. കിണറുകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. കുഴൽ കിണറുകൾ എവിടെയാണ് കുഴിച്ചത് എന്നുള്ള യാതൊരു വിവരവും ഫയലുകളിൽ നിന്നും ലഭ്യമല്ല. ഓരോ ഫയലിന്റെയും കൂടെ 19-6-1998-ലെയും 20-6-1998-ലെയും 2 ക്വട്ടേഷനുകളുടെ ഫോട്ടോ കോപ്പികൾ കാണാം. ഒറിജിനൽ ക്വട്ടേഷൻ ലഭ്യമല്ല. ക്വട്ടേഷന്റെ ഫോട്ടോ കോപ്പിയിൽ, ഓരോ കൺവീനർക്കും പ്രത്യേകം ക്വട്ടേഷൻ നൽകിയതായി കാണുന്നു. എന്നാൽ 17 ഫയലുകളിലും ഒരേ വ്യക്തി തന്നെയാണ് ഭൂരിഭാഗവും കൈകാര്യം ചെയ്തിരിക്കുന്നത് എന്നും കാണാം. ക്വട്ടേഷനുകൾ ലഭിച്ച തീയതി 20-6-1998 ആണ്. എന്നാൽ 22-6-1998-ന് 16 കിണറുകളും പൂർത്തിയാക്കിയതായി ക്രെഡിറ്റു ബില്ലു പ്രകാരം കാണുന്നു. കരാർ പ്രകാരം ചെയ്ത കുഴൽ കിണർ നിർമ്മാണത്തിന് ആകെ 4,56,627 രൂപ നൽകിയെങ്കിലും ചട്ടപ്രകാരമുള്ള ആദായനികുതി ഈടാക്കിയില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 1999-2000 ഖണ്ഡിക IV (54)]

ആഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

58. "കുറുവ ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് പാര 48 പ്രകാരം പഞ്ചായത്തിൽ 16 കുഴൽ കിണറുകൾ കുഴിച്ചതിൽ സൂപ്പർവിഷൻ ചാർജ്ജ് നൽകിയ ഇനത്തിൽ 31,440 രൂപ ഓഡിറ്റിൽ തടസ്സം ഉന്നയിച്ചിട്ടുണ്ടായിരുന്നു. ഈ തുക അടവാക്കണമെന്നു കാണിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പി.നാരായണൻ എന്നയാൾക്ക് 8-5-2001-ന് എൽ.എഫ്.193559/സ്പെഷ്യൽ സെൽ(എസ്)/ സി3/2000, തിരുവനന്തപുരം, നമ്പർ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സർചാർജ്ജ് നോട്ടീസ് നൽകിയിട്ടുണ്ട്. സർചാർജ്ജ് നോട്ടീസ് ലഭിച്ചതിനുശേഷം സെക്രട്ടറി ഓഡിറ്റ് തടസ്സം നീക്കം ചെയ്യുന്നതിന് വിശദമായ അപേക്ഷ സമർപ്പിക്കുകയും, അപേക്ഷയിൽ പ്രാദേശിക പരിശോധന നടത്തി 8-1-2003-ന് മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്.എം.14/322/02 നമ്പർ കത്ത് പ്രകാരം തുടർ നടപടി സംബന്ധിച്ച് പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ആയതിൽ പാര 46 പ്രകാരം നഷ്ടമായ തുക തുടർന്ന് ഈടാക്കുന്നതിന് നിർദ്ദേശം നൽകി കാണുന്നില്ല. പരാമർശത്തിൽ ഉൾപ്പെട്ട പഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. നാരായണൻ 20-10-2003-ന് മരണപ്പെട്ടതായി ബോധിപ്പിക്കുന്നു. 14-1-2005-ന് മലപ്പുറം ലോക്കൽ ഫണ്ട് ജില്ലാ എക്സാമിനറുടെ എൽ.എഫ്.എം.11/570/2003 നമ്പർ ഫർദർ റിപ്പോർട്ടിൽ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (പാര 24,28,34,41) അന്തരിച്ച സെക്രട്ടറിയുടെ പേരിൽ സർചാർജ്ജ് നടപടി ഒഴിവാക്കിയതായും അറിയിച്ചിട്ടുണ്ട്. മേൽ വിവരങ്ങൾ അനന്തര നടപടികൾക്കായി ബോധിപ്പിച്ചു കൊള്ളുന്നു."

(കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 1-12-2005-ലെ എ.1033/05 (2) നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

59. കുഴൽ കിണർ നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാമർശം എന്തടിസ്ഥാനത്തിലാണ് ഒഴിവാക്കിയതെന്ന് 14-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. ആഡിറ്റ് വേളയിൽ ശരിയായ വിവരങ്ങൾ നൽകാതിരുന്നതുമൂലമാണ് പരാമർശമുണ്ടായതെന്നും കൺവീനർമാർക്ക് സൂപ്പർവിഷൻ ചാർജ്ജ് നൽകിയിട്ടില്ലെന്ന് പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് പരാമർശം ഒഴിവാക്കിയതെന്നും മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. എന്നാൽ സൂപ്പർവിഷൻ നടത്തിയ മാസ്റ്റർ ഡ്രില്ലർ ശ്രീ. ചെറിയാൻ പൗലോസിന് നൽകാവുന്ന അനുവദനീയമായ സൂപ്പർ വിഷൻ ചാർജ്ജ് 4,463 രൂപ നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ അദ്ദേഹം കൈപ്പറ്റിയ 578 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

60. കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും നൽകിയ വിശദീകരണം തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

## വട്ടംകുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വിനോദനികുതി പിരിച്ചതിൽ കുറവ് 55,370 രൂപ**

വട്ടംകുളം ഗ്രാമപഞ്ചായത്തിന്റെ 1995-96-ലെ അക്കൗണ്ട് പ്രകാരം വിനോദ നികുതി, അധിക വിനോദ നികുതി എന്നീ ഇനങ്ങളിൽ ദീപാ ടാക്കീസ്, ഗോവിന്ദ ടാക്കീസ് എന്നീ തിയേറ്ററുകളിൽ നിന്നുള്ള വരുമാനം യഥാക്രമം 84,892 രൂപയും 51,187 രൂപയും മാത്രമാണ്. എന്നാൽ ഓരോ തിയേറ്ററിന്റെയും വരവ് ഡി.സി.ആർ. പരിശോധിച്ചപ്പോൾ ഈ ഇനങ്ങളിൽ യഥാക്രമം 1,20,221 രൂപയും 71,228 രൂപയും യഥാർത്ഥത്തിൽ വരവുള്ളതായി കാണുന്നു. ഈ വകയിൽ പഞ്ചായത്തിന് മൊത്തം 55,370 രൂപയുടെ വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക IV 98]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

61. "1994-95, 1995-96 വർഷത്തെ റിപ്പോർട്ട് 30-7-2002-ന് ലഭിച്ചു. ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 16 ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീ. സി. കെ. സുകുമാരന് 18-9-2002-ന് അയച്ചുകൊടുത്തു. ശ്രീ. സി. കെ. സുകുമാരൻ 30-9-2002-ന് സമർപ്പിച്ച മറുപടിയിൽ പ്രസ്തുത പാരയിൽ പറഞ്ഞ തുകയുടെ നഷ്ടം ഓഫീസ് ഓർഡർ പ്രകാരം സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ശ്രീ. രാജഗോപാലൻ യു.ഡി.സി.യുടെയും, ശ്രീധരൻനായർ ജെ.എസി.ന്റേയും കൃത്യവിലോപംമൂലമാണെന്നും തുക അവരിൽ നിന്നും ഈടാക്കണമെന്നും അറിയിച്ചിരുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടി 6-7-2004-ന് എ1-1338/02 നമ്പർ കത്ത് പ്രകാരം മലപ്പുറം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

62. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പ്രാദേശിക പരിശോധന നടത്തി അയച്ചുതന്ന 19-9-2003-ലെ നമ്പർ എൽ.എഫ്.9/1356/03 ഫർദർ റിമാർക്സിൽ വ്യക്തമായ ജോലി വിഭജനരേഖ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഉത്തരവാദിയായ സെക്രട്ടറിയെ മാറ്റി നിർത്താനാവില്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 6-1-2005-ലെ എ4-1522/04 നമ്പർ കത്ത് പ്രകാരവും തുക സെക്രട്ടറിയായ ശ്രീ. സുകുമാരനിൽ നിന്നും ഈടാക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാന് 20-1-2005-ന് ഈ ആഫീസിൽ നിന്നും തുക തിരിച്ചടയ്ക്കുന്നതിനുവേണ്ടി നോട്ടീസ് അയച്ചിരുന്നു. എന്നാൽ തുക തിരിച്ചടയ്ക്കാത്തതിനാൽ വീണ്ടും 5-12-2005-ന് രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്ന വിവരവും ബോധിപ്പിച്ചുകൊള്ളുന്നു."

(വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-12-2005-ലെ എ1-601/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

63. ജോലി വിഭജന ഉത്തരവ് ലഭ്യമാക്കാത്തതുകൊണ്ടാണോ ബാദ്ധ്യത മുഴുവൻ സെക്രട്ടറിയായിരുന്ന ശ്രീ. സുകുമാരനിൽ ചുമത്തിയതെന്നും വിനോദനികുതി

സംബന്ധമായി രജിസ്റ്ററുകൾ കൈകാര്യം ചെയ്തിരുന്നവരുടെ പേരിൽകൂടി ബാദ്ധ്യത ചുമത്തേണ്ടിയിരുന്നില്ലേയെന്നും 14-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. ഇക്കാര്യത്തിൽ ബാദ്ധ്യതയുള്ള എല്ലാവരിൽ നിന്നുമായി തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് സംയുക്ത റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

64. സമിതി നിർദ്ദേശപ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ (ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ ജി1/05 നമ്പർ കത്ത് പ്രകാരം) പഞ്ചായത്ത് രേഖകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാ ത്തതിനാൽ നഷ്ടപ്പെട്ട തുക മൂന്നുപേരിൽ നിന്നുമായി ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നതാണെന്ന് അറിയിച്ചിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

65. ജോലി വിഭജന ഉത്തരവ് സംബന്ധമായ രേഖകളൊന്നും പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ വിനോദനികുതി, അധികവിനോദനികുതി ഇനങ്ങളിലുണ്ടായ 55,370 രൂപയുടെ വരുമാനനഷ്ടം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. സുകുമാരൻ, ജൂനിയർ സൂപ്രണ്ട് ശ്രീ. ശ്രീധരൻനായർ, യു.ഡി.ക്ലാർക്ക് ശ്രീ. രാജഗോപാലൻ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കാൻ ചട്ടവിരുദ്ധമായി നിക്ഷേപം നടത്തി ധനനഷ്ടം 10,502 രൂപ**

വൈദ്യുതി ബോർഡിന്റെ രേഖാമൂലമുള്ള നിർദ്ദേശത്തിന് വിരുദ്ധമായി വട്ടംകുളം ഗ്രാമപഞ്ചായത്തിൽ നിന്നും 62,279 രൂപ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്ന തിനായി 25-7-1994-ൽ ബോർഡിൽ നിക്ഷേപിക്കുകയും പ്രസ്തുത തുക പിന്നീട് 19-8-1996-ൽ മടക്കി വാങ്ങുകയുമുണ്ടായി. നിരുത്തരവാദപരമായ ഈ നടപടിയിലൂടെ പഞ്ചായത്തിന് പലിശയിനത്തിൽ 10,306 രൂപയും കളക്ഷൻ ചാർജ്ജിനത്തിൽ 196 രൂപയും ഉൾപ്പെടെ മൊത്തം 10,502 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക IV 94]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

66. "1994-95, 1995-96 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 30-7-2002-ന് ലഭിച്ചു. ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 22 ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീ. ഒ. പി. ഉണ്ണി മേനോന് 18-9-2002-ന് അയച്ചുകൊടുത്തിരുന്നെങ്കിലും, ടിയാൻ തുക അടവാക്കുകയോ യാതൊരു മറുപടിയും നാളിതുവരെ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റിന്റെ ആദ്യ മറുപടി ഈ ആഫീസിൽ നിന്നും 6-7-2004-ന് എ1-338/02 നമ്പർ കത്ത് പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

67. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പ്രാദേശിക പരിശോധന നടത്തി അയച്ചുതന്ന 19-9-2003-ലെ എൽ.എഫ്.9/1356/03 നമ്പർ ഫർദർ റിമാർക്സ് പ്രകാരവും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 6-1-2005 തീയതിയിലെ എ4 1522/04 നമ്പർ കത്ത് പ്രകാരവും ടി ഓഡിറ്റ് റിപ്പോർട്ടിലെ തുക ബന്ധപ്പെട്ട സെക്രട്ടറിയായ ശ്രീ. ഒ. പി. ഉണ്ണിമേനോനിൽ നിന്നും ഈടാക്കണമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഒ. പി. ഉണ്ണിമേനോന് തുക അടവാക്കുന്നതിന് 20-1-2005-ന് ഈ ആഫീസിൽ നിന്നും നോട്ടീസ് അയച്ചിരുന്നു. എന്നാൽ നാളിതുവരെ ടിയാൻ തുക തിരിച്ചടയ്ക്കാത്തതിനാൽ 5-12-2005-ാം തീയതി വീണ്ടും രജിസ്ട്രേഡ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ബോധിപ്പിച്ചുകൊള്ളുന്നു.”

(വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 6-12-2005-ലെ എ1-601/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

68. പണമടയ്ക്കേണ്ടെന്ന് വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടും പഞ്ചായത്ത് പണം അടച്ചതിന്റെ കാരണം 14-12-2005-ലെ തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുന്നതിന് ഇലക്ട്രിസിറ്റി ഓഫീസിൽ പണമടച്ച് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിനുവേണ്ടി 27-11-1992-ൽ എസ്റ്റിമേറ്റ് എടുക്കുകയും 12-1-1993-ൽ പണം അടയ്ക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറുടെ അനുമതി ലഭിച്ചുവെന്നും 19-5-1994-ൽ പണം അടച്ചുവെന്നും വട്ടംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. മെറ്റീരിയൽസിന്റെ വിലവർദ്ധനയും കൂലി വർദ്ധനവും കണക്കിലെടുത്ത് എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്ന് ഇലക്ട്രിസിറ്റി ബോർഡ് നിർദ്ദേശിച്ചിരുന്നുവെന്നും എന്നാൽ പഞ്ചായത്ത് സെക്രട്ടറി 25-7-1994-ൽ പണമടയ്ക്കുകയും 19-8-1996-ൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് തുക മടക്കിവാങ്ങിയെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. 25-7-1994 മുതൽ 19-8-1998 വരെയുള്ള കാലയളവിൽ പലിശയിനത്തിലും കളക്ഷൻ ചാർജ്ജിനത്തിലുമായി 10,502 രൂപയുടെ നഷ്ടം പഞ്ചായത്തിനുണ്ടായിട്ടുണ്ടെന്ന് സെക്രട്ടറി സമ്മതിക്കുകയും ചെയ്തു.

69. പണമടയ്ക്കേണ്ടെന്ന വൈദ്യുതി ബോർഡിന്റെ നിർദ്ദേശം മറികടന്ന് പണമടച്ചതുവഴി പഞ്ചായത്തിനുണ്ടായ 10,502 രൂപയുടെ നഷ്ടത്തിന് അന്നത്തെ സെക്രട്ടറി ശ്രീ. ഒ. പി. ഉണ്ണിമേനോൻ തന്നെയാണ് ഉത്തരവാദിയെന്നതിനാൽ അദ്ദേഹത്തിൽ നിന്ന് തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

70. സമിതി നിർദ്ദേശ പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (20-1-2006-ലെ ഡി7-254/06 നമ്പർ കത്ത് പ്രകാരം) സർചാർജ്ജ് സർട്ടിഫിക്കറ്റ് ആയിട്ടില്ലെന്നും തുക തിരിച്ചുപിടിക്കുന്നതിന് നോട്ടീസ് നൽകാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ഓഡിറ്റ് പരാമർശത്തിൽ തുടർ നടപടി സ്വീകരിക്കാൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറോടും ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സമിതിയെ അറിയിക്കുകയുണ്ടായി.

### നിഗമനങ്ങൾ/ശുപാർശകൾ

71. വൈദ്യുതി ബോർഡ് ആവശ്യപ്പെടാതെ ബോർഡിൽ മുൻകൂറായി പണമടച്ചതുമൂലം പഞ്ചായത്തിന് നഷ്ടപ്പെട്ട 10,502 രൂപ നാളിതുവരെയും തിരിച്ചു

ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇതിന് ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. ഒ. പി. ഉണ്ണിമേനോന് സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ചീക്കോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മണൽ ലേല കുടിശ്ശിക വസൂലാക്കാത്തതിനാൽ ധനനഷ്ടം**

1990-91-ൽ മണൽവാരുന്നതിനുള്ള അവകാശം ലേലത്തിൽ കരസ്ഥമാക്കിയ ശ്രീ. വൈ. പി. അബ്ദുള്ള വരുത്തിയ കുടിശ്ശികയായ 44,598 രൂപ (ലേലക്കുടിശ്ശിക, കോടതി ചെലവ്, പിഴപ്പലിശ എന്നിവയുൾപ്പെടെ) കോടതിയിൽ അടയ്ക്കാൻ മഞ്ചേരി സബ്കോടതി വിധിച്ചിരുന്നു. കേസിലെ വിധി നടപ്പിലാക്കിക്കിട്ടുന്നതിന് യഥാസമയം സെക്രട്ടറി നടപടി സ്വീകരിക്കാതിരുന്നതിനാൽ 25-4-1994 വരെ 14,800 രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. ബാക്കി 29,798 രൂപ കുടിശ്ശികയായി അവശേഷിക്കുന്നു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V 10(1)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

72. "മഞ്ചേരി സബ് കോടതിയിലെ 5-79/91 നമ്പർ കേസിൽ മണൽ ലേലത്തിൽ കുടിശ്ശികയുള്ള 31,475 രൂപ 50 പൈസയും 30-3-1991 മുതൽ 12% പലിശയും കോടതി ചെലവായി 1,523 രൂപയും 19-3-1992-നുമുമ്പായി കോടതിയിൽ അടവാക്കാൻ 19-9-1991-ന് ഉത്തരവായിരുന്നു. കേസ് വിധി നടത്തിക്കിട്ടുന്നതിന് ഇ.പി. 96/92-ാം നമ്പരായി എക്സിക്യൂഷൻ പെറ്റിഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. അത് പ്രകാരം ഗഡുക്കളായി സംഖ്യ അടവാക്കുവാൻ കോടതി ലേലക്കാരന് അനുമതി നൽകി. ഇങ്ങനെ ഗഡുക്കളായി കോടതിയിൽ അടവാക്കിയ സംഖ്യ 14,800 രൂപ 6-6-1994-നും ബാക്കി ഉണ്ടായിരുന്ന 29,798 രൂപയും പലിശയും ഉൾപ്പെടെ 35,185 രൂപ 28-5-1996-നും പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടുണ്ട്. കേസ് വിധി നടത്തിക്കിട്ടുന്നതിന് യഥാവിധി നടപടി സ്വീകരിച്ചിട്ടുണ്ട്. കോടതിയുടെ അനുമതി പ്രകാരം ഗഡുക്കളായി അടവാക്കിയതുകൊണ്ടുണ്ടായ കാല താമസത്തിനനുസരിച്ച് പലിശയും ഈടാക്കിയിട്ടുണ്ട്."

(ചീക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005-ലെ എ1-296/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

73. മണൽ വാരൽ കരാർ ലഭിച്ചിരുന്ന ശ്രീ. വൈ. പി. അബ്ദുള്ള കുടിശ്ശിക തുക മുഴുവൻ എക്സിക്യൂഷൻ പെറ്റീഷന്റെ അടിസ്ഥാനത്തിൽ അടച്ചിട്ടുണ്ടെന്നും തുക അടച്ചതിന്റെ വിശദാംശങ്ങൾ ആഡിറ്റ് സമയത്ത് നൽകാൻ കഴിയാതിരുന്നതുമൂലമാണ് പരാമർശമുണ്ടായതെന്നും 14-12-2005-ലെ തെളിവെടുപ്പ് വേളയിൽ ചീക്കോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു.

74. സമിതി നിർദ്ദേശ പ്രകാരം മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ.ജി1/05 നമ്പർ കത്ത് പ്രകാരം) മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ കൊണ്ടോട്ടി ശാഖയിൽ പഞ്ചായത്തിന്റെ പേരിലുള്ള 190-ാം നമ്പർ എസ്.ബി. അക്കൗണ്ടിൽ 28-5-1996-ന് 35,185 രൂപ (29,778 രൂപയും 5,387 രൂപ പലിശയും അടക്കം) വരവ് വന്നിട്ടുള്ളതായി ബോദ്ധ്യപ്പെട്ടുവെന്നും ലേല കുടിശ്ശിക, പിഴപ്പലിശ, കോടതി ചെലവ് എന്നീ വകയിൽ ആകെ 49,985 രൂപ വരവ് വന്നതായും അറിയിക്കുകയുണ്ടായി.

## നിഗമനങ്ങൾ/ശുപാർശകൾ

75. കുടിശ്ശിക തുക മുഴുവൻ ഈടാക്കിയിട്ടുള്ളതായി മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## ഈഴവത്തുരുത്തി ഗ്രാമപഞ്ചായത്ത്

(ഇപ്പോൾ പൊന്നാനി മുനിസിപ്പാലിറ്റിയുടെ ഭാഗം)

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടില്ല**

മലപ്പുറം ജില്ലയിലെ ഈഴുവത്തിരുത്തി ഗ്രാമപഞ്ചായത്തിൽ 1998-99-ൽ കോഴി വിതരണം, എന്ന പദ്ധതിയുടെ ഗുണഭോക്തൃ വിഹിതമായ 31,308 രൂപ പിരിച്ചെടുത്തിട്ടില്ല. അംഗീകരിച്ച പദ്ധതിയിൽ വകയിരുത്തിയ ഗുണഭോക്തൃ വിഹിതം നിർവഹണ വേളയിൽ പിരിച്ചെടുക്കാതിരിക്കുന്നത് അതീവ ഗുരുതരമായ സാമ്പത്തിക ക്രമക്കേടിനിടയാക്കിയിട്ടുണ്ട്. ഈ വിഹിതം കൂടി പദ്ധതി വിഹിതത്തിൽ നിന്നും തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നത് ധനനഷ്ടത്തിനുമിടയാക്കിയിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 10(ii)]

ഓഡിറ്റ് ഖണ്ഡികയിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

76. "ഈഴവത്തുരുത്തി പഞ്ചായത്തിൽ നിന്നും നഗരസഭയ്ക്ക് കൈമാറിയ ഫയലുകളിൽ ഓഡിറ്റ് പരാമർശമുള്ള ഫയലുകൾ കാണുന്നില്ല. പഴയ പഞ്ചായത്ത് കാര്യാലയം, ബന്ധപ്പെട്ട ഇംപ്ലിമെന്റിംഗ് ഓഫീസറുടെ കാര്യാലയം എന്നിവിടങ്ങളിൽ അന്വേഷിച്ചിട്ടും ടി ഫയലുകൾ ലഭിച്ചിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം നീക്കുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല എന്ന വിവരം ഇതിനാൽ റിപ്പോർട്ട് ചെയ്തുകൊള്ളുന്നു."

(പൊന്നാനി നഗരസഭാ സെക്രട്ടറിയുടെ 6-12-2005-ലെ എ2-19031/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

77. പരാമർശവുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും, ഈഴവത്തുരുത്തി ഗ്രാമപഞ്ചായത്ത് ഇപ്പോൾ പൊന്നാനി മുനിസിപ്പാലിറ്റിയുടെ ഭാഗമായതിനാൽ പൊന്നാനി മുനിസിപ്പൽ സെക്രട്ടറിയും

നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനും ഹാജരാകാൻ നിർദ്ദേശിച്ചെങ്കിലും ഹാജരായിട്ടില്ലെന്നും മുൻ ഈഴവത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. രത്നകുമാർ 14-12-2005-ലെ സമിതി തെളിവെടുപ്പിൽ ബോധിപ്പിക്കുകയുണ്ടായി. പൊന്നാനി നഗരസഭാ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജനും ബന്ധപ്പെട്ട ഫയലുകളും മറ്റു രേഖകളുമായി 22-12-2005-ന് സമിതി മുമ്പാകെ ഹാജരായി തെളിവ് നൽകാൻ നിർദ്ദേശിച്ചിരുന്നു.

78. സമിതി നിർദ്ദേശ പ്രകാരം 22-12-2005-ലെ സമിതി യോഗം മുമ്പാകെ ഹാജരായ ഈഴവത്തുരുത്തി വെറ്ററിനറി പോളി ക്ലിനിക്കിലെ വെറ്ററിനറി സർജൻ ഈഴവത്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതിയുടെ ചെലവ് അവലോകന റിപ്പോർട്ടിൽ പറയുന്ന 86,060 രൂപ കൃത്യമായി ചെലവഴിച്ചിട്ടുണ്ടെന്നും പൊതു വിഭാഗ ത്തിൽപ്പെട്ട 275-ഉം എസ്സ്.സി./എസ്സ്.റ്റി. വിഭാഗത്തിൽപ്പെട്ട 56-ഉം ഗുണഭോക്താ ക്കൾക്കുമാണ് കോഴികളെ നൽകിയതെന്നും സമിതിയെ അറിയിക്കുകയുണ്ടായി. ഇത് യഥാക്രമം 250-ഉം 100-ഉം ആയിട്ടായിരുന്നു നിശ്ചയിച്ചിരുന്നതെങ്കിലും അപേക്ഷ ക്ഷണിച്ചപ്പോൾ എസ്സ്.സി. വിഭാഗത്തിൽ നിന്ന് 56 പേർ മാത്രമേ അപേക്ഷകരായി വന്നുള്ളുവെന്നും അതിനാലാണ് പൊതു വിഭാഗത്തിൽ 25 പേരെ കൂടി ഉൾപ്പെടുത്താൻ പഞ്ചായത്ത് തീരുമാനമെടുത്തതെന്നും വെറ്ററിനറി സർജൻ കൂട്ടിച്ചേർത്തു. പദ്ധതി നടപ്പാക്കിയെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖകളുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് മിനിറ്റ്സ് ബുക്കിൽ ഇക്കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ലഭ്യമായ ഫയലിൽ ഗുണഭോക്താക്കളുടെ ലിസ്റ്റുണ്ടെന്നും അന്ന് കൺവീനർമാരെ ഏൽപ്പിച്ച കോഴികളുടെ ലിസ്റ്റിൽ പൊതു വിഭാഗത്തിൽ 275 ഉം എസ്സ്.സി./എസ്സ്.റ്റി. വിഭാഗത്തിൽ 56 ഉം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും സീനിയർ വെറ്ററിനറി സർജൻ സമിതിയെ അറിയിച്ചു. ഗുണഭോക്തൃ വിഹിതം കണക്കാക്കിയപ്പോൾ തീറ്റയുടെ ചെലവ് ഉൾപ്പെടുത്താൻ വിട്ടുപോയെന്നും അത് കൂടി ഉൾപ്പെടുത്തു മ്പോഴാണ് 86,060 രൂപ വരുന്നതെന്നും വെറ്ററിനറി സർജൻ അറിയിച്ചു. ഗുണഭോക്തൃ വിഹിതം പിരിച്ചത് സംബന്ധിച്ച വിശദാംശം, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രസീത് പഞ്ചായത്ത് തീരുമാനത്തിന്റെ മിനിറ്റ്സ്, കൺവീനർമാർ കോഴികളെ സ്വീകരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകാനും ഡെപ്യൂട്ടി ഡയറക്ടർ ഇക്കാര്യങ്ങൾ പരിശോധിച്ച് സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കാനും സമിതി നിർദ്ദേശിച്ചിരുന്നു.

79. സമിതി നിർദ്ദേശ പ്രകാരം മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 3-3-2006-ലെ എൽ.എഫ്. 20819/സ്പെ.സെൽ(ജി1)/2005 നമ്പർ കത്ത് പ്രകാരം) ബന്ധപ്പെട്ട ഫയലും മിനിറ്റ്സ് ബുക്കും പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്നും തടസ്സം ഒഴിവാക്കാമെന്നും ശുപാർശ ചെയ്തിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

80. പരാമർശം ഒഴിവാക്കാമെന്ന മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ സമിതി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**20,670 രൂപയുടെ സ്റ്റോർ പർച്ചേസ് ചട്ടലംഘനം**

സ്റ്റോർ പർച്ചേസ് ചട്ടം ലംഘിച്ച് കുട വാങ്ങിയതുവഴി വന്ന നഷ്ടം 20,670 രൂപ.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001–2002, ഖണ്ഡിക V, 10 (1)]

ആഡിറ്റ് പരാമർശത്തിന് മുൻ ഈഴവത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി :—

81. "നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി ഗ്രാമപഞ്ചായത്ത്

1. ഈഴുവത്തുരുത്തി ഗ്രാമപഞ്ചായത്ത് പൊന്നാനി മുനിസിപ്പാലിറ്റിയിൽ ചേർത്തതിനാൽ തുടർ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

2. വിശദീകരണം : ഗ്രാമപഞ്ചായത്ത് 1997–98 വാർഷിക പദ്ധതി പ്രകാരം പഞ്ചായത്ത് പ്രദേശത്തെ 12 സ്കൂളുകൾക്ക് കുട വാങ്ങി വിതരണം ചെയ്യുന്നതിന് പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. പ്രോജക്ട് എഴുതി തയ്യാറാക്കിയ അവസരത്തിൽ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾ എന്ന പരിഗണനയിൽ 17 ഇഞ്ച് 19 ഇഞ്ച് അളവുകളിലുള്ള കുടകൾ വാങ്ങിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ പത്രപരസ്യം മുഖേന ലഭിച്ച ക്വട്ടേഷനുകൾ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ അംഗങ്ങളിൽ ചിലർ കുട്ടികൾക്ക് 17 ഇഞ്ച് 19 ഇഞ്ച് കുടകൾ നൽകിയാൽ അവരുടെ വലിയ ബാഗ് നനഞ്ഞ് പോകും എന്നുള്ളതിൽ സംശയമില്ല, ആയതിനാൽ 21 ഇഞ്ച് കുട തന്നെ നൽകണം എന്ന് അഭിപ്രായപ്പെടുകയുണ്ടായി. കൂടാതെ പദ്ധതിയിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് കുട നൽകുക എന്ന ഉദ്ദേശത്തോടെ വിഭാവനം ചെയ്തിരുന്നത് സാധാരണ മടക്കു കുടകൾ നൽകുന്നതിനായിരുന്നു. ഇതിലും പഞ്ചായത്ത് അംഗങ്ങളുടെ അഭിപ്രായം കുട്ടികൾക്ക് ബസ്സ് ഇറങ്ങുമ്പോൾ പെട്ടെന്ന് തുറക്കാൻ പറ്റുന്ന ഓട്ടോമാറ്റിക് കുടകൾ തന്നെ നൽകണം എന്നായിരുന്നു. ഈ കാര്യങ്ങൾ രണ്ടിലും പഞ്ചായത്തിന്റെ ഏകകണ്ഠമായ തീരുമാനം മിനിറ്റ്സിൽ രേഖപ്പെടുത്തിയിരുന്നതും ആയത് ഓഡിറ്റർമാർക്ക് പരിശോധന സമയത്ത് കാണിച്ചുകൊടുത്തിരുന്നതുമാണ്. പദ്ധതി അടങ്കൽ തുകയിൽ അധികരിക്കാതെ വിദ്യാർത്ഥികൾക്ക് ഉപകരിക്കണം എന്ന ഉദ്ദേശത്തോടെ പദ്ധതിയിൽ ചെറിയ ഭേദഗതി വരുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഇത് സംബന്ധിച്ച് തടസ്സം എഴുതിയിരുന്ന ലോക്കൽ ഫണ്ട് ഇൻസ്പെക്ടറുടെ അടുത്ത് തടസ്സം ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് അന്വേഷിച്ചപ്പോൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഒരു പ്രോജക്ടിന് ഭേദഗതി വരുത്തുവാൻ പഞ്ചായത്തിന് അധികാരമില്ല. ആയതിനാലാണ് അധികരിച്ചുവന്ന തുക നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരിച്ചുപിടിക്കാൻ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.)

82. സ്റ്റോർ പർച്ചേയ്സ് ചട്ടങ്ങൾ ലംഘിച്ച് കുട വാങ്ങിയതുമായി ബന്ധപ്പെട്ട ഫയലുകൾ ഉണ്ടോയെന്ന സമിതിയുടെ 14-12-2005-ലെ തെളിവെടുപ്പ് വേളയിലെ ചോദ്യത്തിന് ഫയലുകൾ പൊന്നാനി മുനിസിപ്പാലിറ്റിക്ക് കൈമാറിയെന്നും അന്നത്തെ ആഡിറ്റ് റിപ്പോർട്ടിന്റെ ഫോട്ടോകോപ്പി ഉപയോഗിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയതെന്നും മുൻ ഈഴവത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എം. രത്നകുമാർ സമിതിയെ അറിയിച്ചു. പ്രോജക്റ്റിന് ബി.എൽ.ഇ.സി. അംഗീകാരമുണ്ടായിരുന്നുവെന്നും പഞ്ചായത്ത് നീക്കി വെച്ച 1,55,820 രൂപയ്ക്കുള്ളിൽ നിന്ന് തന്നെയും പത്രപ്പരസ്യം നടത്തിയും സ്റ്റോർ പർച്ചേഴ്സ് നിയമപ്രകാരവുമാണ് 1,500 കുടകൾ വാങ്ങി കുട്ടികൾക്ക് നൽകിയതെന്നും മുൻ സെക്രട്ടറി കൂട്ടിച്ചേർത്തു. 17-ഉം 19-ഉം ഇഞ്ചിന്റെ കുട വാങ്ങുന്നതിനായിരുന്നു ആദ്യം പദ്ധതി തയ്യാറാക്കിയതെന്നും അതിന് പകരം 21 ഇഞ്ചിന്റെ ആട്ടോമാറ്റിക് കുട വാങ്ങി നൽകിയെന്നതാണ് ആക്ഷേപമെന്നും എന്നാൽ പ്രതീക്ഷിച്ചതിനേക്കാൾ കുറഞ്ഞ വിലയിൽ കുടകൾ ലഭിച്ചതിനാൽ പ്രോജക്റ്റിനായി നീക്കിവച്ച 1,55,820 രൂപയ്ക്ക് തന്നെ 1,500 കുട്ടികൾക്കും 21 ഇഞ്ച് കുട തന്നെ വാങ്ങി നൽകാൻ കഴിഞ്ഞുവെന്നും മുൻ സെക്രട്ടറി ബോധിപ്പിച്ചു. മുൻ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ സമിതി മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറോട് നിർദ്ദേശിച്ചിരുന്നു.

83. സമിതി നിർദ്ദേശ പ്രകാരം മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 22-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ(ജി1)/2005 നമ്പർ കത്ത് പ്രകാരം) പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ പദ്ധതി അടങ്കലിൽ അധികരിക്കാതെ ചെലവ് നടത്തിയെന്ന് ബോദ്ധ്യപ്പെട്ടുവെന്നും സ്റ്റോർ പർച്ചേയ്സ് ചട്ടലംഘനമുണ്ടെങ്കിലും ഉത്തമ ബോദ്ധ്യത്തോടെയും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിലും ചെലവഴിച്ചതായതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

84. പരാമർശം ഒഴിവാക്കാമെന്ന മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## വളാഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മരാത്ത് പണി 12,202 രൂപ അധികം നൽകി**

ഗുണഭോക്തൃ സമിതി അംഗീകരിച്ച ചെലവ് 2,14,370 രൂപയ്ക്കുപകരം മൂല്യ നിർണ്ണയത്തുകയായ 2,26,572 രൂപ നൽകിയതിൽ അധികമുള്ള 12,202 രൂപയാണ് ഓഡിറ്റ് പരാമർശം.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 10-11]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

85. "മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29-2-2003-ലെ എൽ.എഫ്.എം.11/1118/2002 നമ്പർ പ്രാദേശിക പരിശോധനാ പുനരഭിപ്രായ കുറിപ്പുപ്രകാരം തടസ്സം ഒഴിവാക്കി."

(വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005-ലെ B1-1684/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

86. പരാമർശം ഒഴിവാക്കിയ മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണി ലോറിയിൽ മണ്ണ് കടത്ത് കൂലിയിനത്തിൽ 16,475 രൂപ അധികം നൽകി**

കരാറുകാരന്റെ സ്വന്തം മണ്ണ് കിളച്ച് 5 കി.മീ. ദൂരെ നിന്നും ലോറിയിൽ കടത്തിക്കൊണ്ടുവരുന്നതിന് അധിക നിരക്ക് നൽകിയതുവഴി വന്ന അധിക തുക 16,475 രൂപ നിരാകരിച്ചിരിക്കുന്നു. (സാധാരണ മണ്ണ് ഉപയോഗിക്കുന്നതിന് പകരം ഹാർഡ്സോയിൽ ഉപയോഗിച്ചു)

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 10(2)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

87. "1999-2000-ലെ ഓഡിറ്റ് റിപ്പോർട്ടിന്റെയും മേൽ കാണിച്ച പ്രാദേശിക പരിശോധന കുറിപ്പിന്റെയും അടിസ്ഥാനത്തിൽ ഈ ഓഫീസിലെ 13-8-2003-ലെ 6/45535 നമ്പർ രസീതി പ്രകാരം 16,475 രൂപ, പ്രവൃത്തിയുടെ കൺവീനറിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടവാക്കിയിട്ടുണ്ട്."

(വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005-ലെ B1-1684/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/ശുപാർശകൾ

88. അധികം നൽകിയ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നറിയിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണി മെറ്റലിംഗിന് അധിക നിരക്ക് നൽകിയത് 8,751 രൂപ**

പ്രാദേശിക നിരക്കിലെ മൂല്യനിർണ്ണയം ഷെഡ്യൂൾ നിരക്കിന്റെ 150%-ൽ പരിമിതപ്പെടുത്താതിരുന്നതുവഴിയുള്ള നഷ്ടം 8,751 രൂപയാണ് പരാമർശിച്ചിരുന്നത്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 10(3)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

89. "പ്രാദേശിക പരിശോധനാ പുനരഭിപ്രായകുറിപ്പു പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുണ്ട്."

(വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005-ലെ B1-1684/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/ശുപാർശകൾ

90. തടസ്സം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പണി സന്നദ്ധസേവനമായി വകയിരുത്തിയ തുക പദ്ധതി വിഹിതത്തിൽ നിന്ന് നൽകിയത് 50,000 രൂപ**

കടക്കുറിശ്ശി ഗവൺമെന്റ് എൽ.പി.സ്കൂൾ കുട്ടികൾക്ക് അടിയന്തിരമായി കുടിവെള്ളം വിതരണം നടത്തുന്ന പദ്ധതിയിലേക്ക് ടാങ്ക് നിർമ്മിക്കുന്നതിനും പൈപ്പ് ലൈൻ ഇട്ടതിനും 12,000 രൂപ ചെലവാക്കിയതായി കാണുന്നു. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും കുടിവെള്ളം ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സർക്കാർ സ്കൂളിൽ പണം മുടക്കി സ്ഥാവരസ്വത്തുക്കൾ ഉണ്ടാക്കിയതിനു ധാരണാപത്രം ഒപ്പുവച്ചതായി കാണുന്നില്ല. ചെലവഴിച്ച പണം കൊണ്ടു ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 10(4)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

91. "മേൽ കാണിച്ച പ്രാദേശിക പരിശോധന പുനരഭിപ്രായകുറിപ്പിൽ ഗുണഭോക്തൃ വിഹിതം/സന്നദ്ധ സേവനം ചെലവാക്കാനായില്ലെന്നതിനെ സംബന്ധിച്ച് 2-9-1999-ന് ബില്ല് നല്കുന്നതിന് മുമ്പായി പഞ്ചായത്ത് അനുമതി നൽകിയ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് പറയുന്നു. പഞ്ചായത്തിന്റെ 23-8-1999-ലെ 6(1) നമ്പർ തീരുമാനപ്രകാരം, ഗുണഭോക്തൃ വിഹിതം ലഭ്യമായില്ലെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതമായി ഉൾപ്പെടുത്തിയ 50,000 രൂപ ഒഴിവാക്കുന്നതിനും ഈ തുക പഞ്ചായത്തു തനതു ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പദ്ധതി തുകയിൽ 10.23% വർദ്ധനവ് വന്നാണ് ഫൈനൽ ബില്ല് നൽകിയത് എന്നതിനാൽ 16-1-1998-ലെ ജി.ഒ.(എംഎസ്.)2/98/പി.എൽ.ജി. നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം പഞ്ചായത്ത് തീരുമാനമെടുത്ത് ജില്ലാ ആസൂത്രണ സമിതിയുടെ സാധൂകരണം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നതിനാൽ 5,00,000 (അഞ്ചു ലക്ഷം രൂപ) രൂപയുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ച് ആരംഭിച്ച പ്രവൃത്തിക്കായി ഫൈനൽ ബില്ലു പ്രകാരം നികുതികൾ ഉൾപ്പെടെ 4,60,380

(നാലു ലക്ഷത്തി അറുപതിനായിരത്തി മുന്നൂറ്റി എൺപതു രൂപ) മാത്രമേ ചെലവു വന്നിട്ടുള്ളൂ. ഈ തുക നൽകിയതു തന്നെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് ബി.എൽ.ഇ.സി.യുടെ അംഗീകാരത്തിനും വിധേയമായിട്ടാണെന്നും ബോധിപ്പിക്കുന്നു.

92. ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പിന്റെ 15-2-1999-ലെ സ.ഉ. (എംഎസ്.) നമ്പർ 2/1998/പ്ലാനിങ്ങ് നമ്പർ ഉത്തരവിലെ 4 പ്രകാരം പദ്ധതിയേതര വിഹിതത്തിൽ 50% ത്തിൽ കൂടുതൽ തുകയ്ക്ക് മാറ്റം വരുത്തുന്നുവെങ്കിൽ മാത്രമേ ബന്ധപ്പെട്ട വിദഗ്ദ്ധ സമിതിയുടെ സാങ്കേതിക പരിശോധനയും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരവും തേടേണ്ടതുള്ളൂ."

[വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005 ലെ B1-1684/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്]

93. പദ്ധതി നടത്തിപ്പിന് 5 ലക്ഷം രൂപയുടെ (4,50,000 രൂപ പഞ്ചായത്ത് ഫണ്ടും 50,000 രൂപ ഗുണഭോക്തൃ വിഹിതവും) എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നതെന്നും അതിന് സാങ്കേതിക അനുമതി ലഭിച്ചിരുന്നതായും 14-12-2005-ലെ തെളിവെടുപ്പ് വേളയിൽ വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ ബോധിപ്പിച്ചു. ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടായിരുന്നെന്നും പദ്ധതിക്ക് ആകെ 4,60,380 രൂപയാണ് പേയ്മെന്റ് നടത്തിയതെന്നും എസ്റ്റിമേറ്റിനേക്കാൾ 10,380 രൂപയാണ് അധികം നൽകിയിട്ടുള്ളതെന്നും എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനത്തിൽ അധികരിച്ച് വരുന്ന തുകയ്ക്ക് മാത്രം ബി.എൽ.ഇ.സി. അംഗീകാരം വാങ്ങിയാൽ മതിയെന്ന് 1998-ലെ സർക്കാർ ഉത്തരവ് നിലവിലുണ്ടെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു.

## നിഗമനങ്ങൾ/ശുപാർശകൾ

94. ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നുവെന്നും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച തുകയ്ക്കുള്ളിൽ മാത്രമേ എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികം തുക ചെലവഴിച്ചിട്ടുള്ളുവെന്നുമുള്ള വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കാണുന്നതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## നിലമ്പൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വിനോദ നികുതി പിരിച്ചതിൽ കുറവ് അനാവശ്യമായ നികുതി കോമ്പൗണ്ടിംഗിലൂടെ വൻ നഷ്ടം**

നിലമ്പൂർ ഗ്രാമപഞ്ചായത്തിൽ 1995-96 വർഷം വിവിധ സിനിമാ തിയേറ്ററുകളിൽ നിന്നും വിനോദ നികുതി, അധിക വിനോദ നികുതി എന്നിവ ഈടാക്കിയതിൽ യഥാക്രമം 43,461 രൂപയുടേയും 29,252 രൂപയുടേയും കുറവ് വന്നിട്ടുണ്ട്.

തിയേറ്ററുകൾക്ക് വിനോദ നികുതിയിൽ അനാവശ്യമായി കോമ്പൗണ്ടിംഗ് ആനുകൂല്യം നൽകുന്നതിന് കൂടി പരിഗണിച്ചാൽ ഈ ഇനത്തിൽ ഭീമമായ നഷ്ടം

സംഭവിച്ചിട്ടുള്ളതായി കാണാൻ കഴിയും. നിലമ്പൂർ പോലുള്ള ഈ റിലീസിംഗ് സെന്ററിൽ കളക്ഷൻ കുറവാണെന്ന പേരിൽ വർഷത്തിൽ പതിനൊന്നു മാസവും നികുതി കോമ്പൗണ്ടിംഗ് നടത്തിയിരിക്കുകയാണ്. ഏകദേശ കണക്കുകൾ പ്രകാരം 1995-96 വർഷം മാത്രം വിനോദ നികുതി ഇനത്തിൽ 15 ലക്ഷം രൂപയും അധിക വിനോദ നികുതി ഇനത്തിൽ 5 ലക്ഷം രൂപയും കോമ്പൗണ്ടിംഗിലൂടെ നഷ്ടം വന്നിട്ടുള്ളതായാണ് കാണുന്നത്. ഈ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നത് ഉചിതമായിരിക്കും.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2000-2001, ഖണ്ഡിക IV 95]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

95. ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. എൽ. കെ. മുഹമ്മദ് സൈനുദ്ദീൻ നല്കിയ വിശദീകരണത്തിന്റെ പകർപ്പ് സമർപ്പിക്കുന്നു. "വിനോദ നികുതി കോമ്പൗണ്ട് ചെയ്തിട്ടുള്ളത് സ്റ്റാന്റിംഗ് കമ്മിറ്റി ബന്ധപ്പെട്ട തിയേറ്ററുകളിലെ മുൻകാല വരവുകൾ നോക്കി കണക്കാക്കിയ സംഖ്യ പഞ്ചായത്ത് കമ്മിറ്റിയും പരിശോധിച്ച് കോമ്പൗണ്ട് ചെയ്ത് കൊടുക്കാൻ തീരുമാനിക്കുകയാണ് ഉണ്ടായിട്ടുള്ളത്. വിനോദ നികുതി കോമ്പൗണ്ട് ചെയ്ത് കൊടുത്തിട്ടുള്ളത് ലോക്കൽ അതോറിറ്റീസ് എന്റർടെയ്ൻമെന്റ് ടാക്സ് റൂൾസിലെ 4, 5 റൂളുകൾ പ്രകാരമാണ്. "Probable estimate of tax" എന്നത് കണക്കാക്കാനുള്ള അധികാരം പഞ്ചായത്ത് കമ്മിറ്റിക്കാണ്. (ലോക്കൽ അതോറിറ്റി) കോമ്പൗണ്ട് ചെയ്തു കൊടുക്കുമ്പോൾ പ്രസ്തുത കാലയളവിൽ ഡി.സി.ആർ. പ്രകാരമുള്ള കണക്ക് കുറവാണെങ്കിൽ തിയേറ്റർ ഉടമയ്ക്ക് നഷ്ടം വകവച്ച് കൊടുക്കാൻ വകുപ്പില്ലാത്തതുപോലെ ഡി.സി.ആർ. പ്രകാരം കൂടുതൽ വന്നിട്ടുണ്ടെങ്കിൽ ആയത് തിയേറ്റർ ഉടമയിൽ നിന്നും ഈടാക്കാനും വകുപ്പില്ല. ലോക്കൽ അതോറിറ്റി കണക്കാക്കിയ സംഖ്യയിന്മേൽ നഷ്ടം വന്നിട്ടുണ്ട് എന്ന് പറയുന്നതും ശരിയല്ല. മേൽ വസ്തുതകൾ കണക്കിലെടുത്ത് ഈ തടസ്സം നീക്കി കിട്ടുന്നതിനും സെക്രട്ടറിയായ എന്നെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കി കിട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് താൽപ്പര്യപ്പെടുന്നു."

(നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-12-2005-ലെ ബി1-1632/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

96. വിനോദ നികുതി പിരിവിലെ തുക കണക്കാക്കിയത് സംബന്ധിച്ച 14-12-2005-ലെ തെളിവെടുപ്പ് വേളയിലെ സമിതിയുടെ ചോദ്യങ്ങൾക്ക് നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും നൽകിയ വിശദീകരണങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ വിനോദ നികുതി പിരിവിൽ നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

97. സമിതി നിർദ്ദേശ പ്രകാരം മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ (പഞ്ചായത്ത് ഡയറക്ടറുടെ 3-3-2006-ലെ എച്ച്.5/35992/05 നമ്പർ കത്ത് പ്രകാരം)

സമർപ്പിച്ച റിപ്പോർട്ടിൽ 4/95 മുതൽ 2/96 വരെയുള്ള കാലത്തെ വിനോദ നികുതി കോമ്പൗണ്ട് ചെയ്തിട്ടുണ്ടെന്നും 1-3-1996 മുതൽ 31-3-1996 വരെയുള്ള കാലത്തെ വിനോദ നികുതി കോമ്പൗണ്ട് ചെയ്തിട്ടില്ലെന്നും അറിയിച്ചു. കോമ്പൗണ്ട് ചെയ്യാത്ത കാലയളവിലെ വിനോദനികുതി ഡി.സി.ആർ. പ്രകാരം അടച്ചിട്ടുണ്ടെന്നും ആയതിനാൽ ഒരു വർഷത്തെ വിനോദ നികുതി മുഴുവനായും പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടില്ല എന്ന പ്രസ്താവം വാസ്തവവിരുദ്ധമാണെന്നും വിനോദ നികുതിയിൽ നഷ്ടം വന്നിട്ടില്ലെന്നും അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

98. ഏപ്രിൽ മാസത്തെ കോമ്പൗണ്ടിംഗ് തുക മുൻകൂറായി 3/95-ൽ അടവാക്കിയത് ട്രാൻസ്ഫർ എൻട്രി വൗച്ചർ മുഖേന വരവായി 1995-96 വർഷം രജിസ്റ്ററിൽ ചേർക്കാതിരുന്നതിനാലും വിനോദ നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാതിരുന്നതിലുമാണ് ഓഡിറ്റ് റിപ്പോർട്ടിൽ നഷ്ട തുക പരാമർശിക്കാനിടയായതെന്നും നികുതി പിരിവ് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സെക്രട്ടറി ലഭ്യമാക്കിയതിനാൽ നഷ്ടം വരുന്നില്ലെന്ന് ബോദ്ധ്യപ്പെട്ടുവെന്നും തടസ്സം ഒഴിവാക്കാവുന്നതാണെന്നും 16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ. ജി1/05 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറും സമിതിയെ അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

99. വിനോദ നികുതി പിരിവ് കണക്കാക്കിയതിൽ തെറ്റില്ലെന്നും ഈയിനത്തിൽ നിലമ്പൂർ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ നടത്തിയ സംയുക്ത പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും തടസ്സം ഒഴിവാക്കാമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളതിനാലും ഈ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് വേലകളിൽ അധിക നിരക്ക് നൽകിയത് 22,641 രൂപ (ഖണ്ഡിക നമ്പർ 44, ഓഡിറ്റ് റിപ്പോർട്ട് വർഷം 1997-98)**

പ്രാദേശിക നിരക്കിൽ മൂല്യനിർണ്ണയം നടത്തിയതിലധികം തുക ചെലവ് ചെയ്തതു വഴി 22,641 രൂപ അധിക ചെലവ് വന്നതായാണ് ഓഡിറ്റ് പരാമർശം.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V 10(1)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

100. "30-11-2005-ലെ 11/55693 നമ്പർ രശീത് പ്രകാരം 27,028 രൂപ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്."

(നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-12-2005-ലെ ബി1-1632/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

101. പഞ്ചായത്ത് 22,641 രൂപയുടെ നഷ്ടമുണ്ടായി എന്ന് ആഡിറ്റ് പരാമർശമുള്ളപ്പോൾ 27,028 രൂപ ഈടാക്കിയിട്ടുണ്ടെന്ന് മറുപടി നൽകിയതിന്റെ സാംഗത്യം സമിതി തെളിവെടുപ്പ് വേളയിൽ ആരായുകയുണ്ടായി. 27,028 രൂപ അധിക സാധനങ്ങൾ വാങ്ങിയ ഇനത്തിലുള്ളതാണെന്നും 47,640 രൂപ ആവശ്യത്തിൽ കൂടുതൽ തൊഴിലാളികളെ നിയോഗിച്ച ഇനത്തിലുള്ളതാണെന്നും രണ്ടും കൂടി 74,668 രൂപയുടെ പരാമർശം ആഡിറ്റ് റിപ്പോർട്ടിലുണ്ടെന്നും മൂല്യനിർണ്ണയം ചെയ്തതിൽ അധികം ചെലവ് ചെയ്ത 22,641 രൂപ മാത്രമേ സമാഹൃത റിപ്പോർട്ടിൽ വന്നിട്ടുള്ളുവെന്നും 74,668 രൂപയുടെ സർചാർജ്ജ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു.

102. മെറ്റീരിയൽസിന് അധിക വില നൽകിയ തുകയായ 27,028 രൂപയാണ് നിലമ്പൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സൈനുദീൻ തിരിച്ചടച്ചതെന്നും മെറ്റീരിയൽസിന് അധിക വില നൽകിയ തുകയായ 22,641 രൂപ ഓവർസീയറായിരുന്ന ശ്രീ. അബുവിൽ നിന്ന് തിരിച്ചു പിടിക്കുന്നതിനായി നോട്ടീസ് നൽകിയിരിക്കുകയാണെന്നും തുക ഇതുവരെയും തിരിച്ചടച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ധരിപ്പിച്ചു.

103. ഓവർസീയർ ശ്രീ. അബുവിന്റെ പേരിലുള്ള സർചാർജ്ജ് നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

104. സമിതി നിർദ്ദേശ പ്രകാരം നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ (12-1-2006-ലെ ബി1/1632/05 നമ്പർ കത്ത് പ്രകാരം) നിരാകരിച്ച തുക അടയ്ക്കുന്നതിനായി ശ്രീ. കെ. അബുവിന് കത്തയച്ചിരുന്നുവെന്നും പരാമർശ വിധേയമായ വർക്കുകൾ അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിലല്ല നടത്തിയിരുന്നതെന്നും അതിനാൽ ഇക്കാര്യത്തിലുള്ള ബാദ്ധ്യത തന്റെ പേരിൽ ചുമത്തിയത് ദുരൂഹമാണെന്നുമാണ് ടിയാന്റെ മറുപടിയിലുള്ളതെന്ന് സമിതിയെ അറിയിക്കുകയുണ്ടായി. ശ്രീ. അബുവിൽ നിന്ന് ലഭിച്ച മറുപടി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർക്ക് നൽകിയിട്ടുണ്ടെന്നും എന്നാൽ ശ്രീ. അബുവിനെതിരെ സർചാർജ്ജ് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ലെന്നും സെക്രട്ടറി അറിയിക്കുകയുണ്ടായി.

105. ശ്രീ. അബു ഓവർസിയറുടെ പേരിൽ 27-7-2005-ന് സർചാർജ്ജ് നോട്ടീസ് അയച്ചിട്ടുണ്ടെന്നും 27,028 രൂപ അടച്ചിട്ടുണ്ടെന്നും ബാക്കി 47,640 രൂപ ഈടാക്കാൻ മേൽവിലാസം ലഭിക്കുന്ന മുറയ്ക്ക് നടപടി തുടരുന്നതാണെന്നുമാണ് 16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ(ജി1)/05 നമ്പർ കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്.

## നിഗമനങ്ങൾ/ശുപാർശകൾ

106. മേൽവിലാസം ലഭിക്കുന്ന മുറയ്ക്ക് നടപടി തുടരുന്നതാണന്നാണ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നത്. എന്നാൽ മേൽവിലാസം ലഭിക്കുന്നതിന് ഇത്രയും ബുദ്ധിമുട്ടുണ്ടാകുന്നതിന്റെ കാരണം മനസ്സിലാകുന്നില്ല.

ക്രമക്കേടുകൾക്കുത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും വിലാസവും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തന്നെ ലഭ്യമാകുമെന്നിരിക്കെ അതിന് ശ്രമിക്കാതെ നടപടി നീട്ടിക്കൊണ്ടുപോകുന്നതിന് ന്യായീകരണമില്ലെന്നാണ് സമിതിയുടെ വിലയിരുത്തൽ. ആയതിനാൽ മരാമത്ത് വേലകളിൽ അധിക നിരക്ക് നൽകിയതിന് ഉത്തരവാദികളായ ഓവർസിയർ ശ്രീ. കെ. അബു, സെക്രട്ടറിയായിരുന്ന ശ്രീ. എൻ. കെ. മുഹമ്മദ് സൈനുദ്ദീൻ എന്നിവർക്കെതിരെ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അടിയന്തിര സർചാർജ്ജ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മെറ്റീരിയൽസിന് അധിക വില നൽകിയത് 53,600 രൂപ (ഖണ്ഡിക നമ്പർ 45, ആഡിറ്റ് റിപ്പോർട്ട് വർഷം 1997-98)**

കൂടുതൽ മെറ്റീരിയലിന് തുക നൽകിയത് വഴി വന്ന 53,600 രൂപയാണ് പരാമർശിച്ചിട്ടുള്ളത്.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V, 10-2]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

107. "ബന്ധപ്പെട്ട സെക്രട്ടറിയോട് ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്."

(നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-12-2005-ലെ ബി1-1632/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

108. മെറ്റീരിയൽസിന് അധിക വില നൽകിയ ഇനത്തിലുള്ള 53,600 രൂപയുടെ നഷ്ടം എന്ന പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്ത് അധികൃതരിൽ നിന്ന് സമിതി തെളിവെടുപ്പ് വേളയിൽ കൂടുതൽ വിശദീകരണം ആരായുകയുണ്ടായി. ഗുണഭോക്തൃ സമിതിക്ക് 3,58,000 രൂപയുടെ മൊത്തം ചെലവ് വന്നുവെന്നും എന്നാൽ 3,15,000 രൂപയുടെ ബില്ല് മാത്രമേ പേയ്മെന്റ് നടത്തിയിട്ടുള്ളുവെന്നും മെറ്റീരിയൽസ് കൂടുതൽ വാങ്ങിയിട്ടുണ്ടെന്നും അത്രയും മെറ്റീരിയൽസ് ഉപയോഗിച്ചിട്ടില്ലെന്നും ആ വ്യത്യാസമാണ് നഷ്ടമായി കണക്കാക്കിയിട്ടുള്ളതെന്നും നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

109. 3,58,000 രൂപ എസ്റ്റിമേറ്റുള്ള ഇറിഗേഷൻ വർക്ക് എന്ന നിലയിൽ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു.

110. സമിതി നിർദ്ദേശാനുസരണം നടത്തിയ പ്രാദേശിക പരിശോധനയിൽ നഷ്ട തുക 53,600 രൂപ എന്നത് 2,283 രൂപയാക്കി മാറ്റം വരുത്തിക്കൊണ്ട് തുക ഈടാക്കാൻ നടപടി സ്വീകരിക്കാവുന്നതാണന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ (16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ ജി.1/05 നമ്പർ പ്രകാരം) റിപ്പോർട്ട് ചെയ്തിരുന്നു.

## നിഗമനങ്ങൾ/ശുപാർശകൾ

111. മെറ്റീരിയൽസിന് അധിക വില നൽകിയ ഇനത്തിലുള്ള നഷ്ടം പ്രാദേശിക പരിശോധനയിൽ 2,283 രൂപയായി മാറ്റം വരുത്തി തുക ഈടാക്കാൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളതിനാൽ അധിക തുക നൽകിയതിനുത്തരവാദിയായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**അർഹതയില്ലാത്തവർക്ക് വ്യക്തിഗത ആനുകൂല്യം നൽകലും അധിക സബ്സിഡി നൽകലും-ഓലമാറ്റി ഓടുമേയൽ 32,500 രൂപ**

(വ്യക്തിഗത ഗുണഭോക്താക്കളായി തിരഞ്ഞെടുത്ത വിവരത്തിന്റെ അഭാവത്തിൽ 7 പേർക്ക് നൽകിയ ആനുകൂല്യം 32,500 രൂപ നിരാകരിച്ചു)

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V. 10. 3]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി:—

112. "നിലമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 9-6-1998-ലെ 11(8) 16-5-1998-ലെ 1(6), 1(10) എന്നീ നമ്പർ തീരുമാനങ്ങൾ പ്രകാരം ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്."

(നിലമ്പൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 2-12-2005-ലെ ബി1-1632/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

## നിഗമനങ്ങൾ/ശുപാർശകൾ

113. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുകൊണ്ടുള്ള പഞ്ചായത്ത് തീരുമാനം പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയവരെല്ലാം പഞ്ചായത്ത് തീരുമാനപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരായതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ (16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ ജി.1/05 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

## കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കമുക് കൃഷി അർഹതയില്ലാത്തവർക്ക് വ്യക്തിഗത ആനുകൂല്യം നൽകലും അധിക സബ്സിഡി നൽകലും 35,138 രൂപ**

കമുകു കൃഷിക്ക് വളപ്രയോഗം അർഹതയില്ലാത്തവർക്ക് വ്യക്തിഗത ആനുകൂല്യം നൽകലും അധിക സബ്സിഡി നൽകലും 35,138 രൂപ നിരാകരിച്ചു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001-2002, ഖണ്ഡിക V. 10. (1)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

114. "കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ കണക്കുകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അയച്ചുതന്ന ഓഡിറ്റ് റിപ്പോർട്ടിൽ പാര 40(എൽ)-ൽ കമുങ്ങ് കൃഷി വളപ്രയോഗം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയതിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത് തെറ്റായിട്ടാണ് എന്നതിനാൽ നൽകിയ ധനസഹായം 35,138 രൂപ ഓഡിറ്റിൽ അംഗീകരിച്ചിരുന്നില്ല അതനുസരിച്ച് യഥാസമയം (5-7-2001-ന്) നിർവ്വഹണ ഉദ്യോഗസ്ഥനായ അഗ്രികൾച്ചറൽ ഓഫീസറെ വിവരം അറിയിച്ചിരുന്നു. പഞ്ചായത്തിൽ നിന്നും 15-11-2001-ലെ 5-ാം നമ്പർ തീരുമാനം അനുസരിച്ച് നൽകിയ ആദ്യ മറുപടിക്കുള്ള ഫർദർ റിമാർക്ക്സിൽ (നമ്പർ എൽ.എഫ്.എം.15-37/2002 തീയതി 3-2-2003-ന്) പ്രസ്തുത 35,138 രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കുന്നതിന് മലപ്പുറം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ഫർദർ റിമാർക്ക്സിന്റെ വിവരങ്ങൾ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും എ2-357/2000 നമ്പർ കത്ത് പ്രകാരം 16-6-2004-ന് നിർവ്വഹണ ഉദ്യോഗസ്ഥയെ അറിയിച്ചിരുന്നുവെങ്കിലും നാളിതുവരെ തുക നിർവ്വഹണ ഉദ്യോഗസ്ഥ അടച്ചിട്ടില്ല. എന്നാൽ യഥാർത്ഥ ലിസ്റ്റനുസരിച്ച് തന്നെയാണ് ധനസഹായം നൽകിയിട്ടുള്ളതെന്ന് പ്രസിഡണ്ട് ഒപ്പിട്ട് നൽകിയ ലിസ്റ്റിന്റെ പകർപ്പ് സഹിതം നിർവ്വഹണ ഉദ്യോഗസ്ഥ ഈ ഓഫീസിൽ 4-9-2004-ൽ അറിയിച്ചിരുന്നു. പിന്നീട് തുടർ നടപടികൾ ഒന്നും തന്നെ നീക്കിയിട്ടില്ലെന്ന വിവരം ബോധിപ്പിക്കുന്നു."

(കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3-12-2005-ലെ എ-199/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

115. സബ്സിഡി നൽകിയത് ആഡിറ്റിൽ നിരാകരിക്കാനുണ്ടായ കാരണവും ഗുണഭോക്തൃ ലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കാതിരുന്നതിന്റെ കാരണവും തെളിവെടുപ്പ് വേളയിൽ സമിതി ആരായുകയുണ്ടായി. ഫീൽഡിൽ പോയി പരിശോധിച്ചതിനു ശേഷമാണ് സബ്സിഡി നൽകിയതെന്നും 183 പേർക്കാണ് സബ്സിഡി നൽകിയതെന്നും 183 പേരുടെയും ലിസ്റ്റ് പഞ്ചായത്ത് പ്രസിഡന്റ് അംഗീകരിച്ച് ഒപ്പിട്ട് നൽകിയിട്ടുണ്ടെന്നും ഇവരെല്ലാം വ്യക്തിഗത ആനുകൂല്യം സ്വീകരിച്ചതിന് രേഖകളുണ്ടെന്നും കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് മുൻ കൃഷി ഓഫീസർ ശ്രീമതി എ. കെ. ആർ. പ്രസന്ന സമിതിയിൽ ബോധിപ്പിച്ചു.

116. പഞ്ചായത്ത് പ്രസിഡന്റ് നൽകിയിരുന്ന ലിസ്റ്റ് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് സമിതി നിർദ്ദേശം നൽകിയിരുന്നു.

117. സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ (16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ (ജി.1)/05 നമ്പർ കത്ത് പ്രകാരം) പഞ്ചായത്ത് പ്രസിഡന്റ് ഒപ്പിട്ട് നൽകിയ ലിസ്റ്റ് പരിശോധിച്ച് ബോധ്യപ്പെട്ടുവെന്ന് സമിതിയെ അറിയിക്കുകയുണ്ടായി.

### നിഗമനങ്ങൾ/ശുപാർശകൾ

118. പഞ്ചായത്ത് പ്രസിഡന്റ് ഒപ്പിട്ട് നൽകിയ ലിസ്റ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### മമ്പാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**സോഡിയം വേപ്പർ ലാമ്പുകൾ വാങ്ങിയതിൽ 4,656 രൂപയുടെ സ്റ്റോർ പർച്ചേസ് ചട്ടലംഘനം**

50,000 രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചതിൽ സ്റ്റോർ പർച്ചേസ് ചട്ടം ലംഘിച്ചുകൊണ്ട് 54,656 രൂപ ചെലവഴിച്ചു.

[ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2001–2002, ഖണ്ഡിക V. 10 (2)]

ആഡിറ്റ് പരാമർശത്തിന്മേൽ ഗ്രാമപഞ്ചായത്തിന്റെ മറുപടി :—

119. "ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. വി. നൗഷാദാലി എന്നവർക്ക് ആ റിപ്പോർട്ട് പകർപ്പ് നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്."

(മമ്പാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 5-12-2005-ലെ എ1-505/05 നമ്പർ കത്ത് പ്രകാരം ലഭിച്ചത്)

### നിഗമനങ്ങൾ/ശുപാർശകൾ

120. മമ്പാട് ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട 16 സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ, ക്വട്ടേഷൻ എന്നിവ പരിശോധിച്ച് ലാമ്പ് സ്ഥാപിച്ചതായി ബോദ്ധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ (ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ(ജി.1)/2005 നമ്പർ കത്ത് പ്രകാരം പരാമർശം ഒഴിവാൻ സമിതി നിർദ്ദേശിക്കുന്നു.

തിരുവനന്തപുരം,
13-3-2007.

**എൻ. അനിരുദ്ധൻ,**

*ചെയർമാൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

**അനുബന്ധം**

പ്രധാന നിഗമനങ്ങളും/ശുപാർശകളും

| ക്രമനമ്പർ | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് | ഖണ്ഡിക നമ്പർ | നിഗമനം/ശുപാർശ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആനക്കയം | 4 | ആനക്കയം ഗ്രാമപഞ്ചായത്തിൽ പൊതു മരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് സാധനങ്ങൾ വാങ്ങിയതിന് അധിക വില നൽകിയത് സംബന്ധിച്ച ആഡിറ്റ് പരാമർശം ഒഴിവാക്കിയ മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |
| 2 | എടപ്പാൾ | 8 | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി യൂണി ഫോം നൽകുന്ന പ്രോജക്ടിൽ അധിക നിരക്ക് നൽകിയതുമൂലം പഞ്ചായത്തി നുണ്ടായ 68,262 രൂപയുടെ നഷ്ടം ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീമതി സരോജിനിയമ്മയിൽ നിന്ന് ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 3 | ,, | 10 | ദുർബല വിഭാഗങ്ങൾക്കുള്ള വീട് നിർമ്മാണവുമായി ബന്ധപ്പെട്ട ആഡിറ്റ് പരാമർശം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു. |
| 4 | വെട്ടത്തൂർ | 15 | ബസ്സ് വെയിറ്റിംഗ് ഷെഡ്ഡ് നിർമ്മാണ ത്തിന് വ്യാജ മസ്റ്റർറോൾ ഉണ്ടാക്കി ചെലവാക്കിയതായി കാണിച്ചിട്ടുള്ള 3,909 രൂപ ഉൾപ്പെടെയാണോ 16,181 രൂപ ശ്രീ കെ. പി. രാമകൃഷ്ണനിൽ നിന്ന് ഈടാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ വ്യക്തമാക്കി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | യിട്ടില്ലാത്തതിനാൽ അക്കാര്യം കൂടി വ്യക്തമാക്കികൊണ്ടുള്ള സ്റ്റേറ്റ്മെന്റ് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 5 | വെട്ടത്തൂർ | 17 | ചുങ്കം-കല്ലാഞ്ചിറ റോഡ് പ്രവൃത്തിയിൽ മൂല്യനിർണ്ണയത്തിൽ കൂടുതലായി ചെലവഴിച്ച 8,738 രൂപ കൂടി ഉൾപ്പെടുത്തിയാണോ ശ്രീ. കെ. പി. രാമകൃഷ്ണനിൽ നിന്ന് 16,181 രൂപ തിരിച്ചുപിടിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ (നമ്പർ എച്ച് 5/35992/05 തീയതി 3-3-2006) വിശദമാക്കിയിട്ടില്ലാത്തതിനാൽ അക്കാര്യം കൂടി വ്യക്തമാക്കി ഇനം തിരിച്ച് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | ,, | 21 | മേൽപരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |
| 7 | എടരിക്കോട് | 28 | ശ്രീ. പി. ചന്ദ്രശേഖരനെതിരെ സ്വീകരിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക തിരിച്ച് പിടിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 8 | വഴിക്കടവ് | 32 | ശ്രീ. കെ. ടി. അയ്യപ്പന് എതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 9 | ,, | 37 | ആഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നിർദ്ദേശം സമിതി അംഗീകരിക്കുന്നു. |
| 10 | ,, | 39 | ആനമറി ഫോറസ്റ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തിക്ക് 90,000 |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | രൂപയുടെ മൂല്യനിർണ്ണയമാണ് നടത്തിയിട്ടുള്ളതെങ്കിലും 1,02,794 രൂപ ഗുണഭോക്തൃസമിതി ചെലവഴിച്ചിട്ടുള്ളതിനാൽ അധിക തുക വരുന്നില്ലെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടതായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ (16-2-2006-ലെ എൽ.എഫ്. 20819/സ്പെ.സെൽ ജി.1/05 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 11 | വഴിക്കടവ് | 45 | തണ്ണിക്കടവ്-മുരിങ്ങമുണ്ട കനാൽ പണിക്ക് അധികമായി നൽകിയിട്ടുള്ളതായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള 33,320 രൂപ, അധികം ചെലവുകൾ വരുത്തിയതിന് ഉത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തിരിച്ചുപിടിക്കണമെന്നും തിരിച്ചടവിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു. |
| 12 | കോട്ടയ്ക്കൽ | 47 | നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ആഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |
| 13 | ,, | 51 | പമ്പ് സെറ്റുകൾ റെയ്ഡ്കോയിൽ നിന്നാണ് വാങ്ങിയതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിക്കുകയും സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയതെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ആഡിറ്റ് തടസ്സപ്പെടുത്തിയ 20,500 രൂപ ക്യാഷ് ഡിസ്ബേഴ്സ് ചെയ്ത കൃഷി ഓഫീസർ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ശ്രീ. പ്രകാശ് പുത്തൻ മഠത്തിൽ, അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എ. രാമചന്ദ്രൻ എന്നിവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 14 | കോട്ടയ്ക്കൽ | 53 | കോട്ടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ നടപടി സദുദ്ദേശത്തോടെ കൈക്കൊണ്ട താണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |
| 15 | പുലാമന്തോൾ | 57 | സർചാർജ്ജ് നടപടി പ്രകാരമുള്ള 38,261 രൂപ ശ്രീ. തങ്കസ്വാമിയുടെ ഗ്രാറ്റുവിറ്റിയിൽ നിന്ന് തിരിച്ചു പിടിച്ചിട്ടുണ്ടോയെന്നും തിരിച്ചുപിടിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 16 | കുറുവ | 60 | കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറും നൽകിയ വിശദീകരണം തൃപ്തികരമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ, പരാമർശം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |
| 17 | വട്ടംകുളം | 65 | ജോലി വിഭജന ഉത്തരവ് സംബന്ധമായ രേഖകളൊന്നും പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ വിനോദനികുതി, അധികവിനോദനികുതി ഇനങ്ങളിലുണ്ടായ 55,370 രൂപയുടെ വരുമാനനഷ്ടം അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. സുകുമാരൻ, ജൂനിയർ സൂപ്രണ്ട് ശ്രീ. ശ്രീധരൻനായർ, യു.ഡി.ക്ലാർക്ക് ശ്രീ. രാജഗോപാലൻ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചടച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 18 | വട്ടംകുളം | 71 | വൈദ്യുതി ബോർഡ് ആവശ്യപ്പെടാതെ ബോർഡിൽ മുൻകൂറായി പണ മടച്ചതുമൂലം പഞ്ചായത്തിന് നഷ്ടപ്പെട്ട 10,502 രൂപ നാളിതുവരെയും തിരിച്ചു ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇതിന് ഉത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. ഒ. പി. ഉണ്ണിമേനോന് സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 19 | ചീക്കോട് | 75 | കുടിശ്ശിക തുക മുഴുവൻ ഈടാക്കിയി ട്ടുള്ളതായി മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 20 | ഈഴവത്തുരുത്തി (പൊന്നാനി മുനിസി പ്പാലിറ്റിയുടെ ഭാഗം) | 80 | പരാമർശം ഒഴിവാക്കാമെന്ന മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ സമിതി അംഗീകരിക്കുന്നു. |
| 21 | ,, | 84 | പരാമർശം ഒഴിവാക്കാമെന്ന മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ശുപാർശ അംഗീകരിച്ച് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 22 | വളാഞ്ചേരി | 86 | പരാമർശം ഒഴിവാക്കിയ മലപ്പുറം ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 23 | വളാഞ്ചേരി | 88 | അധികം നൽകിയ തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നറിയിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 24 | ,, | 90 | തടസ്സം ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നു. |
| 25 | ,, | 94 | ഗുണഭോക്തൃ വിഹിതം ഒഴിവാക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നുവെന്നും സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച തുകയ്ക്കുള്ളിൽ മാത്രമേ എസ്റ്റിമേറ്റ് തുകയിൽ നിന്ന് അധികം തുക ചെലവഴിച്ചിട്ടുള്ളുവെന്നുമുള്ള വളാഞ്ചേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണം തൃപ്തികരമാണെന്ന് കാണുന്നതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 26 | നിലമ്പൂർ | 99 | വിനോദ നികുതി പിരിവ് കണക്കാക്കിയതിൽ തെറ്റില്ലെന്നും ഈയിനത്തിൽ നിലമ്പൂർ ഗ്രാമ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ലെന്നും മലപ്പുറം പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ നടത്തിയ സംയുക്ത പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും തടസ്സം ഒഴിവാക്കാമെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളതിനാലും ഈ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 27 | ,, | 106 | മരാമത്ത് വേലകളിൽ അധിക നിരക്ക് നൽകിയതിന് ഉത്തരവാദികളായ ഓവർസിയർ ശ്രീ. കെ. അബു, സെക്രട്ടറിയായിരുന്ന ശ്രീ. എൻ. കെ. മുഹമ്മദ് സൈനുദ്ദീൻ എന്നിവർക്കെതിരെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അടിയന്തിര സർചാർജ്ജ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 28 | നിലമ്പൂർ | 111 | മെറ്റീരിയൽസിന് അധിക വില നൽകിയ ഇനത്തിലുള്ള നഷ്ടം പ്രാദേശിക പരിശോധനയിൽ 2,283 രൂപയായി മാറ്റം വരുത്തി തുക ഈടാക്കാൻ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ളതിനാൽ അധിക തുക നൽകിയതിനുത്തരവാദിയായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 29 | ,, | 113 | വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു കൊണ്ടുള്ള പഞ്ചായത്ത് തീരുമാനം പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയവരെല്ലാം പഞ്ചായത്ത് തീരുമാനപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവരായതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ (16-2-2006-ലെ എൽ.എഫ്.20819/സ്പെ.സെൽ ജി.1/05 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 30 | കൽപ്പകഞ്ചേരി | 118 | പഞ്ചായത്ത് പ്രസിഡണ്ട് ഒപ്പിട്ട് നൽകിയ ലിസ്റ്റ് പരിശോധിച്ച് ബോദ്ധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 31 | മമ്പാട് | 120 | മമ്പാട് ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട 16 സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ, ക്വട്ടേഷൻ എന്നിവ പരിശോധിച്ച് ലാമ്പ് സ്ഥാപിച്ചതായി ബോദ്ധ്യപ്പെട്ടുവെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ (ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 16-2-2006-ലെ എൽ.എഫ്.20819/ സ്പെ.സെൽ(ജി.1)/2005 നമ്പർ കത്ത് പ്രകാരം) പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |